Monthly Newsletter of Guruvayoor Devotees Forum

ഓം നമോ നാരായണായ: Om Namo Narayanaya: ഓം നമോ നാരായണായ:

# നവനീതം

ധനു 1183 / DECEMBER 2007

# NAVANEETHAM

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:



ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ നാരായണായ: ഓം നമോ നാരായണായ: ഓം നമോ നാരായണായ:

ഓം നമോ ഭഗവതേ വാസുദേവായ:

Hare Rama Hare Krishna!

**Om Namo Bhagavathe Vasudevaya**

# Year 2007, Guruvayur Group and retrospection.



Another year is coming to an end and it is time for some retrospection and also for the renewal of our promises & resolutions.

I am very happy that we – Guruvayur Yahoo Group - had become a strong community with more activities as per Bhagavan's wish in the last year. We had an year filled with excellent discussions, touching personal stories, scholarly advices from our learned members and educative explanations of our scriptures. More than anything now we have a place to share our thoughts and get our questions answered.

Also our collective feeling as a family is emerging with every passing year. I hear from many of you that our group has become an integral part of your life.

With the blessing of Gurupavanapuersan **we continued publishing Navaneetham magazine** every month on time.

Another **mile stone was starting the Sanskrit classes by Dr. Saroja Ramanujam-ji** for our group members. We thank her willingness to teach us and her hard work.

**Dr. AP Sukuamr has completed 40 + hours of Bhagavatham as MP3** audio and we will be adding the same to our guruvayoor.com web site in a few weeks time. We congratulate Sukumarji for his accomplishment and thank him for his hard work and dedication.

**Our relatively new and ambitious new project is the KOTI ARCHANA – typing one crore naamams of OM NAMO NARAYANAYA:** for the betterment of Guruvayoor temple town, the administrative process and for the well being of all the group members & their families and the world as a whole. I pray Guruvayoorappan to bless our humble deed and help us in the coming months and years to reach our one crore japam goal. **A special thank you to all of you involved in the Koti Naama Japam Yagnam.**

We have more than **800 members** in our group now and we are growing at a steady pace. We also have three more groups now - one for nitya naama japam (bhajan group), one for general knowledge share (Ayurvidya) and one for Sanskrit learning (Guru-Kulam).

Personally, I got to know some of you well and had the opportunity to get your help in completing Group related tasks, advices and blessings in personal matters etc. I am ever

grateful to all of you for the same.

I request your forgiveness in any mistakes or errors from my side during the past year. It has been a very busy year for me personally and I apologize for the delay in email replies.

Let us hope to have another great year and pray for everyone in our group and the whole world. I pray to Guruvayooorappan to bless us to lead a peaceful and happy life filled with bhakthi and his love.

**Sabari Mala, Mandala Vratham and Makara Vilakku:**

**Mandala Vratham & Sabari Mala season is well under progress. Mandala Pooja is on Dec 27th and Makara villaku on Jan 14th.**

**Let there be more peace and calm in this world.**
**Let there be more happiness and smiles in this world.**



**Wish you a very Happy New Year filled with more bhakthi, joy, happiness and peace!!**

**Swamiye Saranam Ayyappa:**

**Om Namo Narayanya:**


**May God Bless you always.**
**Sunil Menon**

**കൃഷ്ണാ ഗുരുവായൂരപ്പാ!**

**Navaneetham (freshly churned butter) is a humble attempt by Guruvayur Devotees Forum to create a monthly news letter for our group. Please send your comments, suggestions and any materials that you wish to publish to editor@guruvayoor.com**

# വിഷയക്രമം / CONTENTS


| | | |
|---|---|---|
| Maarivillu Poley - Peom | 5 | AP Sukumar |
| Guruvayoor Keerthanam – Poem | 7 | Geetha Chandran |
| Ayyappa Swami Saranam | 9 | AP Sukumar |
| Harivarasanam | 10 | Manikantan Chenganayil |
| History of Kootta praarthana in Guruvayur | 12 | Chandrasekharan Menon |
| Mukundamala | 13 | Dr. Saroja Ramanujam, MA,PhD |
| Personal experiences from devotees. | 15 | Satheesh Kumar Rao, Srinivas Ganti |
| Gita verse of the month | 16 | Sunil |
| O' My Lord Krishna, please be kind on us ! | 17 | Mrs. Neena Manoj |
| Poothiruvathira | 19 | Valluvandan |
| Thyagaraja Swamikal | 27 | Raju Vilavath, Koovappadi |
| Tirupathi photos | 37 | Sunil |



# മാരിവില്ലു പോലെ

ഡോ . എ. പി. സുകുമാർ

മാരിവില്ലു പോലെ മനതാരിലൊന്നു വന്നു
പീതാംബരമുലയാതെ ചേലിൽ ചേർന്നു നിന്നു
മന്ത്രമധുര മോഹനമാം വേണുഗാനമോടെ
കായാമ്പൂവർണ്ണനെന്റെ തോളുരുമ്മി നിന്നു


യമുനയിലൊളിചിതറിയുലയും പാർവ്വണേന്ദു ബിംബം
ഭാമിനിയാം യാമിനിതൻ പുളകമെത്ര കണ്ടു
കണ്ണനവൻ തന്റെ വരദാനമിത്രയഴകിൽ
കണ്ണിണകൾക്കാവതില്ല ഇമതുറന്നു നിൽക്കാൻ

ഇമകളൊന്നു ചിമ്മിയുള്ളിലതി മൃദുലം മുഗ്ധം
അനിതര സുരു രുചിര സുഖവുമനുഭവമാലസ്യം
തനു തളർത്തിയെന്റെ മനവുമതി തരളം നിൽക്കേ
മനസ്സിനുള്ളിലാവദനവുമൊരു നിമിഷം മറഞ്ഞൂ

ചെറു ചിമിഴിൽ നഷ്ടമായ സ്നിഗ്ധമാം സ്വരൂപം
മറുപിറവികളില്ലാത്തൊരു പരി പൂർണ്ണസവിധം
മിഴിതുറന്നു മനമുണർന്നു വേണുഗീതമുള്ളിൽ
ഉണരുവോളമുണ്ടു ഞാനുമതി സുകൃതം പുണ്യം

കണ്ണനുള്ളിലില്ലയെന്നപോലെ തോന്നിയെന്നാൽ
മണ്ണിതിലും മാനുഷർക്കതില്ല മറ്റൊരഭയം
കോടക്കാർ വന്നു പെയ്തുതോർന്നുണർന്നു വാനം
കോടി സൂര്യപ്രഭയുതിരും ചാരുതയും ചാർത്തും





# ഗുരുവായൂർ കീർത്തനം

Geetha Chandran (sreekrishnakripa@gmail.com)

ഗോവിന്ദാ ഹരി ഗോവിന്ദാ ഹരി
ഗോവിന്ദാ ഹരി ഗോവിന്ദാ
ഗോവിന്ദൻ ഗുരുവായൂരെപ്പോഴും
മേവുമത്ഭുതാ ഗോവിന്ദാ

നീലക്കല്ലൊളി തോറ്റൊളിക്കും
നിൻകോലത്തെക്കണി കാണണം
നീലലോചനനുഗ്രത്താലെൻെറ
മാലശേഷമകറ്റണം (ഗോവിന്ദാ)

സച്ചിതാനന്ദാ വിഗ്രഹ ഹരി
ഗോവിന്ദാ ഹരി ഗോവിന്ദാ
മൽചേതസായമാടിനെ
ക്കനിഞ്ഞചുതാ പാലിക്കൂ (ഗോവിന്ദാ)

കാലിമേച്ചു നടന്നീടും തവ
കാലിണയ്ക്കും വണങ്ങുന്നേൻ
കാലാരി പ്രിയനായ നീയെൻെറ

കാലദോഷമകറ്റണേ (ഗോവിന്ദാ)

വൃന്ദാവനത്തിൽ വാണുകൊണ്ടെന്നും
വേണുവായിക്കും ഗോവിന്ദാ
വന്ദിക്കാം തവ പാദമെപ്പോഴും
വന്നെൻ മാനസെ വാഴൂ നീ (ഗോവിന്ദാ)

അൽപമായുള്ളൊരായുസ്സീശ്വരാ
വ്യർത്ഥ യത്നത്താൽ പോകാതെ
ത്വത്പദാംബുജം ഭജിച്ചൊരു
പുരുഷാർത്ഥം നേടുമാറാകണം (ഗോവിന്ദ)

കണ്ണനുണ്ണി നീ വെണ്ണയും ഭുജി
ച്ചുണ്ണികളൊത്തെൻ മാനസേ
വാണീടേണ മതിന്നു നിൻപദേ
വീണിടുന്നു ഞാൻ ഗോവിന്ദാ (ഗോവിന്ദാ)

അന്തകൻ വന്നടുത്തിടും നേരം
ബന്ധുമില്ലാരുമപ്പോഴെ
ബന്ധമോചന കൃഷ്ണാ നീ മമ
ബന്ധുവാകണമെപ്പോഴും (ഗോവിന്ദാ)

ക്ഷുത്തുകൊണ്ടതി ക്ഷീണനായൊരു
ഭക്തനായ കുചേലനെ
പത്തുനൂറു കുബേരന്മാർക്കുള്ള
വിത്തമേകിയ ഗോവിന്ദാ (ഗോവിന്ദാ)

നന്ദനന്ദനാ നിത്യവും ഭവാൻ
ഒന്നിച്ചു രമിച്ചുള്ളോരു
വൃന്ദരാണ്ഡത്ര വാസികൾക്കെല്ലാം
എന്തോന്നേകി നീ ഗോവിന്ദാ (ഗോവിന്ദാ)



## അയ്യപ്പ സ്വാമി ശരണം

എ.പി. സുകുമാർ

അയ്യപ്പ സ്വാമി ശരണം മാമല വാസൻ അഭയം
അയ്യപ്പ സ്വാമി ശരണം മാമല വാസൻ അഭയം
ശരണം വിളിക്കുമെൻ കണ്ഠത്തിലെന്നും
മണികണ്ഠസ്വാമി വസിതം – സത്യ
ശരണഘോഷത്തിൻ ലയനം
        അയ്യപ്പ സ്വാമി ശരണം

വ്രത പരിശീലന കാലം – അതു
കൃതമാം സൽപുണ്യ കർമ്മ ഫലം
എൻ ലോല മനസ്സിലുമനുരണനം
സത്ചിദാനന്ദമാം പ്രണവമന്ത്രം
തത്ത്വമസീ മഹാവാക്യ ലക്ഷ്യം
ഓം ഓം ഓം......
        അയ്യപ്പ സ്വാമി ശരണം

പഞ്ചേന്ദ്രിയങ്ങൾക്കും പരമപദം തേടാൻ
സഞ്ചിത കർമ്മം നിൻ കാൽക്കൽ വയ്ക്കാൻ
അഹമൊഴിഞ്ഞഭിമാന ഭാരമൊഴിഞ്ഞു ഞാൻ
ഇഹപര സുകൃതത്തിന്നുരുവായി
ശരണമന്ത്രത്തിൽ ലയമായി
ഓം ഓം ഓം.....
        അയ്യപ്പ സ്വാമി ശരണം



# Harivarasanam

*Manikantan Chenganayil*

**Harivarasanam Viswamohanam**
**Haridadhiswaram Aaradhyapadhukam**
**Arivimardhanam Nithyanarthanam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

**Saranakirtanam Bakhtamanasam**
**Bharanalolupam Narthanalasam**
**Arunabhasuram Bhoothanayakam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

**Pranayasathyakam Praananayakam**
**Pranathakalpakam Suprabhanjitham**
**Pranavamanidram Keerthanapriyam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

**Thuragavahanam Sundarananam**
**Varagadhayudham Vedavavarnitham**
**Gurukrupakaram Keerthanapriyam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

**Tribuvanarchitam Devathathmakam**
**Trinayanam Prabhum Divyadeshikam**
**Tridashapoojitham Chinthithapradam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

**Bhavabhayapaham Bhavukavaham**
**Bhuvanamohanam Bhoothibhooshanam**
**Dhavalavahanam Divyavaranam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**


**Kalamrudusmitham Sundarananam**
**Kalabhakomalam Gathramohanam**
**Kalabhakesari Vajivahanam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

**Srithajanapriyam Chinthithapradam**
**Sruthivibhushanam Sadhujeevanam**
**Sruthimanoharam Geethalalasam**
**Hariharatmajam Devamashreye**

**Saranam Ayyappa Swamy Saranam Ayyappa**
**Saranam Ayyappa Swamy Saranam Ayyappa**

Swamiye Sharanam Ayyappa!!!



# History of Kootta praarthana in Guruvayur

**Chandrasekharan Menon**

The Kootta praarthana (group prayer) at Guruvayoor was introduced by Brahmashree Aanjham Madhan Nampoothiri which I believe was introduced in oottupura by Late Neelakantan Namboori some 60 years ago. I am reproducing the same below.

മാരുതാധീശ്വരാ നിൻ കൃപാ വര്ഷത്താല്
പ്പാരിനെക്കാക്കണെ നാരായണാ
ലോകത്തിലെങ്ങുമേ മംഗളപ്പൂമാരി
ലോകൈകനായകാ ളുകിടേണെ

Ohm Narayanaya Namah

**OM NAMO NARAYANAYA:**



# MUKUNDAMALA

**DR. SAROJA RAMANUJAM, M.A., PH.D, SIROMANI IN SANSKRIT.**

**25. vyaamohaprsamoushaDham munimanovrtthipravrtthyoushaDham**
**dhaithyendhraarthikaroushaDham thrijagathaam sanjeevanaikoushaDham**
**bhakthaathyanthhithoushDhambhavbhayapraDhvamsanaikoushaDham**
**SreyaH praapthikaroushaDham piba manaH SreekrshnadhiyoushaDham**

Oh mind, drink the elixir, called Sri Krishna which removes all delusions, motivates the minds of sages, is painful to the head of asuras, the life-giver of the three worlds, most beneficial for the devotees, destroys the fear of samsara and provide all good results.

It is very rare to find a medicine, **oushaDham** that cures all ills and also acts as an elixir. The **SrikrshNadhivyoushaDham** does just that and more. It clears, **praSamanam** the delusion**, vyaamoha,** and induces the right thinking that motivates contemplation to the sages, **munimanovrtthipravrtthi**, creates trouble for the asuras,**aarthikaraNam,** and **is** the life giver to the three worlds. To the devotees there is nothing more beneficial, **athyantha hitham** than sri Krishna and His nama because it destroys the fear of samsara.,**bhavabhayaprahvamsanam.** Not only that it also causes immortality by attainment of moksha.

**26.aamnaayaabhyasanaanyaraNyarudhitham vedavrathani anvaham**
**medhacChedhaphalaani poorthaviDhayaH sarvam hutham bhasmani**
**theerThaanaam avgaahanaani cha gajasnaanam vinaa yathpadha**
**dhvandhvaambhoruhasamsmrtheervijayathe dhevassa naaraayanaH**

Victory to the Lord without remembrance of whose feet all the learning and chanting of the Vedas will be like crying in the forest, all the physical austerities will only result in reducing the fat, all the meritorious acts like digging wells are only like sacrificial

offering in the ash instead of fire and the dipping in the holy waters like Ganges are only like bathing the elephant.

The learning of the Vedas and sasthras, unless it leads to the devotion of the Lord, are a waste. It is like crying in the forest, says the azvar. If one cries in the forest no one will come to his rescue. Like that, chanting the Vedas and vociferation of the sathras are only **araNyarudhitham**, crying in the forest without the remembrance of His feet . Everything should be done as an offering to the Lord as He says in the Gita, '***ye thu sarvaaNi karmaaNi mayi sannyasay mathparaaH***,' those who offer all their acts to Me, thinkning of me always, to them I become the redeemer, '***theshaam aham samudDharthaa mrthyusamsaarasaagaraath,'*** and get them out of the sea of death and samsara.

All the vrathas like upavasa and other austerities, enjoined in the Vedas, with respect to disciplining the body will result only in reducing the fat and not give any lasting result unless they are done with the devotion to the Lord.

The meritorious deeds prescribed in the Vedas like digging wells, giving alms, and feeding the poor etc. will not fetch the desired result and are equivalent to performing the sacrifice in the ashes instead of he fire if they are done without devotion.

Taking bath in the holy rivers without remembering Him will be like the bath of an elephant, who gets his body cleaned without any other result like acquiring merit,**puNya**



## Personal experiences from devotees.

### ***From Satheesh Kumar Rao, Abu Dhabi, UAE***

*I and my family members are ardent devotees of Bhagavan Sri Krishna…We could not have darshan of Guruvayoorappan for a long time and we were literally praying to Him for a good darshan.. Finally the Lord has blessed us to reach Guruvayoor in July 2007. We were in the queue to see Him… As we were approaching the Garbha Griha we were continuously and attentively chanting the holy name and we reached in front of His holy Deity. We got hardly 5 seconds in front of the Lord and we wanted more time.. As we crossed the Grabha Griha, the merciful Lord sent His representative (in the form of an old Brahmana) to us and the Brahmana asked us "Would you like to have another Darshan".. We were shocked to get such a golden opportunity.. We were taken back to the queue near the Namaskaaramandapam by the Old Brahmana and got another blissful Darshan of the Lord.*

*Lord never disappoints His devotees.. This is for sure..*

*Guruvayoorappan ki jay.. Guruvayur Dham ki Jay.. Hare Krishna..!*

### ***From Srinivas Ganti***

*10 years ago I had attended a Group Discussion cum interview for an MBA institute and I knew that I would not get through as I did not do well. I was returning home very disappointed. In the train one person asked me about me and when I told him about the earlier incident he comforted me and told me to prepare even better next time. I got down at the stop feeling much better. Next year I got admission into a premier institute which is much more reputed than the earlier one. Thinking back I realize that if I had got into that institute I would have settled for less and not got the privilege of studying in a better institute. It was Sri Krishna himself who wanted to tell me that my place was in a better institute and I should work for that instead of brooding over the past.*

*This sloka as stated in Bhagavad Gita (9.22) is very much true*

*"ananyasa chinta yantomam*
*ye jana paryupasate*
*tesam nithyabhiyuktanam*
*yogakshemam vahamyaham"*

*"But those who always worship me with exclusive devotion, meditating on my transcendental form-to them I carry what they lack, and I preserve what they have."*




## Gita verse of the month

"Yada yada hi dharmasya
Glanirbhavati bharata
Abhyutthanam adharmasya
Tadatmaanam srijami Aham
Paritranaya sadhunaam
Vinashaya cha dushkrutam
Dharma samsthapanarthaya
Sambhavami yugey yugey!"

***Whenever and wherever there is a decline in righteousness (adharma) and a rise in irreligion, O Bhaarata (descendant of Bharata) I shall present Myself at that time In order to protect the pious and destroy foolish wrongdoers, also to reestablish religion and probity (dharma), I shall incarnate, age after age***

# O' My Lord Krishna, please be kind on us !

Mrs. Neena Manoj



O' Lord, the God of this entire universe …
The whole world is behind you…
Each & every bit is your's & your's marvelous creations !
All over I could feel your touch, care & lovingness
Without you nothing is existing
I praise my lord every minute in my life !

O'Lord, you have gifted me with all the happiness in my life !
A loving parents, brothers & sisters, where the root of a family begins
A remembrance childhood, youth & present with my loving husband
All with my lord's immense kindness & support !
I praise my lord every minute in my life !

O' Lord, I live & see my life always with a cheerful smile…
With the strength & awareness -
in the form of BAKTHI you have presented to me !
I share my love, grief & happiness all with my lord
Who knows my past, present & future
I praise my lord every minute in my life !

O' Krishna the lord of god and the universe,
You saves, & protect always your devotee's
To thy lotus feet, I plead, I beg, Pray & request
To be kind on us, and bless us with a baby same like you !!
I praise, I praise, I praise my lord every minute in my life.
--------------------------------------

With all our love, faith & pray
To the lotus feet of our beloved Lord Krishna
By : Neena & Manoj
P.O.Box:1169; Sharjah – U.A.E.





# പൂത്തിരുവാതിര

**സമ്പാദനം / ക്രോഡീകരണം: വള്ളുവനാടൻ (Valluvanadan)**

ധനുമാസത്തിലെ മരംകോച്ചുന്ന തണുപ്പിൽ നിറനിലാവ് പതഞ്ഞൊഴുകുന്ന രാവുകടന്ന് ഏഴര വെളുപ്പിന് കടവിൽ തുടിച്ചു കുളിച്ച് ഈറനോടുകൂടി വരമഞ്ഞൾ കുറിയിണിഞ്ഞ് ദശപുഷ്പം ചൂടി ശൃംഗാരാവസ്ഥയിലെ പാർവ്വതീ പരമേശ്വരന്മാരെ വണങ്ങി ആർദ്രാവ്രതത്തിന് മലയാളി പെൺകൊടികൾ തുനിയുന്ന ദിനമാണിത്. ഇന്ദ്രിയങ്ങളിലെല്ലാം താരള്യവും മാധുര്യവും പുരണ്ട അനുഭൂതികൾ തിടംവയ്ക്കുന്ന പുണ്യദിനം. തീക്കനൽ പോലെ ജ്വലിയ്ക്കുന്ന തിരുവാതിര നക്ഷത്രത്തിനെ, നിലാവുകൊണ്ടു ധനുമാസം കുളിരണിയിയ്ക്കുന്ന സുന്ദരമുഹൂർത്തം.

അംഗനോത്സവമാണ് തിരുവാതിര. മഹേശ്വര പ്രീതിയ്ക്കു വേണ്ടി സർവ്വാംഗനമാരും പ്രാർത്ഥിയ്ക്കുന്ന ദിനം. സുമംഗലികൾ ഭർത്താവിന്റെ ദീർഘായുസ്സിനും കന്യകമാർ സത്ഭർത്തൃലാഭത്തിനും വേണ്ടി മഹേശ്വരനെ പൂജിയ്ക്കുന്ന ദിനം. കാമദേവനെ ചുട്ടുകരിച്ച മൂന്നാംകണ്ണടച്ച്, കരുണാർദ്രമായ നോട്ടം കൊണ്ട് സർവ്വാഭീഷ്ടസിദ്ധി വരുത്താൻ പാർവ്വതീ പതിയെ കൈതൊഴുന്ന ഈ ദിനം കാമദേവനെ ശിവൻ ചുട്ടുകരിച്ചതിന്റെ സ്മരണാർത്ഥം ആചരിയ്ക്കുന്നതാണെന്ന് ഒരു കഥ. ഗോപസ്ത്രീകളുടെ അഹങ്കാരം ശമിപ്പിയ്ക്കുന്നതിന് മറഞ്ഞ കൃഷ്ണനെ തിരിച്ചുകിട്ടാൻ ഗോപസ്ത്രീകൾ പാർവ്വതീ പൂജ നടത്തിയ ദിനമാണെന്നു വേറൊരു കഥ. എന്തായാലും വ്രതാനുഷ്ഠാനങ്ങളോടെ ആഘോഷിയ്ക്കാവുന്ന തിരുവാതിര 'ധനു'വിന്റെ കാത്തിരിപ്പാണ്.

## വ്രതാചരണം

മകീരം നാളിൽ വൈകുന്നേരം 4മണിയ്ക്ക് കിഴങ്ങുവർഗ്ഗങ്ങളും പഴവും ചുട്ടുണ്ടാക്കിയ എട്ടങ്ങാടിയും കൂവ വരകിയതും വിളക്ക് വച്ച് തൂശനിലയിൽ വിളമ്പി ശ്രീപാർവതിയ്ക്ക് നിവേദിയ്ക്കുന്നു. ഈ നിവേദ്യം കഴിച്ച ശേഷമാണ് വിവാഹിതരായ സ്ത്രീകളും കന്യകമാരും ആർദ്രാവ്രതാചരണം തുടങ്ങുന്നത്. പിന്നീട് 108വെറ്റിലയും അടയും നിവേദിച്ച് 3വെറ്റില ചേർത്ത് 3കൂട്ടുന്നു. തിരുവാതിരനാൾ അർദ്ധരാത്രിയാകുമ്പോൾ അതിവിശിഷ്ടമായ ആർദ്രാജാഗരണം തുടങ്ങുന്നു.

## ആർദ്രാജാഗരണം

ആർദ്രാജാഗരണത്തിന് കന്യകമാരും സുമംഗലിമാരും അരിപ്പൊടി കലക്കി അലങ്കരിച്ച അമ്മിക്കുഴവിയെ അർദ്ധനാരീശ്വര സങ്കൽപ്പത്തിൽ നടുമുറ്റത്ത് പ്രതിഷ്ഠിയ്ക്കുന്നു. വിളക്കിനെ

ഗണപതിയായി സങ്കൽപിച്ച് പൂജ നടത്തുന്നു.

തിരുവാതിര പുലരുമ്പോൾ തുടിച്ച് കുളിച്ച് കരിക്ക്, പഴം, അട, അവിൽ, മലർ ഇവയെല്ലാം നിവേദിച്ച് കൂവ കുറുക്കിയതും കഴിയ്ക്കുന്നു. ഉച്ചയ്ക്ക് അരിയാഹാരം പാടില്ല. അതിനാൽ ഗോതമ്പ്, ചാമ എന്നിവയുണ്ടാക്കി തിരുവാതിരപ്പുഴുക്ക് കൂട്ടിക്കഴിയ്ക്കുന്നു.

അർദ്ധനാരീശ്വരപൂജ കഴിഞ്ഞാൽ അഷ്ടദിക്ക്പാലക സങ്കൽപ്പത്തിൽ എട്ടു ദിക്കുകളിലും അർച്ചന നടത്തുകയും ചെയ്യുന്നു. ബാക്കിയുള്ള പൂജാപാത്രം മുകളിലേയ്ക്കുയർത്തി അരുന്ധതീദേവിയെന്ന സങ്കൽപ്പത്താൽ പൂജ ചെയ്യുന്നു. ദീർഘമാംഗല്യപ്രാർത്ഥനയോടെയാണ് പൂജ അവസാനിപ്പിയ്ക്കുന്നത്. ശ്രീ പാർവ്വതീസ്വയംവരം, മംഗലാതിര എന്നീ പാട്ടുകൾ പാടി തിരുവാതിര കളിയ്ക്കുന്നു. നേരം പുലരും വരെയാണ് തിരുവാതിരക്കളി. പിറ്റേന്ന് രാവിലെ വീണ്ടും തുടിച്ച് കുളിച്ച് ക്ഷേത്രദർശനം നടത്തി തീർത്ഥം കുടിച്ച് പാരണ വീട്ടുന്നു. തീർത്ഥം കുടിച്ച് വ്രതം അവസാനിപ്പിയ്ക്കുന്നതിനാണ് പാരണവീട്ടുക എന്ന് പറയുക. അതു കഴിഞ്ഞാൽ മാത്രമേ അരി ഭക്ഷണം കഴിയ്ക്കാൻ പാടുള്ളൂ. മംഗല്യവരദായകയായ തിരുവാതിര മലയാളി സ്ത്രീകളുടെ മനസ്സിൽ എല്ലാക്കാലത്തും തരളവും സവിശേഷവുമായ അനുഭൂതിയാണ്.

തിരുവാതിരവ്രതം സ്ത്രീകളുടേത് മാത്രമായ വ്രതമാണ്. വരാൻ പോകുന്ന ഉഷ്ണകാലത്തെ പ്രതിരോധിയ്ക്കാൻ തക്ക ആരോഗ്യവും കരുത്തും ഏഴ് ദിവസം നീണ്ട് നിൽക്കുന്ന ഈ കഠിനവ്രതം വഴി സ്ത്രീകൾക്ക് കൈവരുന്നു. അങ്ങനെ ആരോഗ്യവും സന്തോഷവും ഉല്ലാസവും പ്രധാനം ചെയ്ത് സ്ത്രീകളുടെ പെതുവേയുള്ള ജീവിതരീതിയെ പോഷിപ്പിയ്ക്കുക എന്ന ഉദ്ദേശ്യം കൂടി തിരുവാതിരവ്രതത്തിനുണ്ട്.

## തിരുവാതിരക്കുളി

പിന്നീട് കരയുള്ള വെളുത്ത വസ്ത്രം ധരിച്ച്, ചന്ദനം, വരമഞ്ഞൾക്കുറി, കുങ്കുമം എന്നിവ തൊട്ട്, കണ്ണെഴുതി ദശപുഷ്പം ചൂടി പാർവ്വതി സ്വയംവരകഥ പാടി പൂജയ്ക്കൊരുങ്ങുന്നു. ധനുമാസത്തിന്റെ പൗർണമി പക്ഷത്തിൽ രേവതിനാൾ മുതൽ തിരുവാതിര വരെ 7 ദിവസമാണ് തിരുവാതിരക്കുളി. വിളക്ക്, കുറിക്കൂട്ട്, വസ്ത്രം, ദശപുഷ്പം ഇവയെല്ലാമെടുത്ത് പുലർച്ചെ തണുത്തുറഞ്ഞ വെള്ളത്തിൽ അംഗനമാർ പാട്ടുപാടി തുടിച്ചു കുളിയ്ക്കും.

അശ്വതി നാൾ അശ്വമുഖം കാണും മുൻപ്, ഭരണി നാൾ പ്രകാശം പരക്കും മുൻപ്, കാർത്തിക നാൾ കാർത്തിക കരയും മുൻപ്, രോഹിണി നാൾ രോമം കാണും മുൻപ്, മകയിരം നാൾ മക്കളുണരും മുമ്പ്, തിരുവാതിരനാൾ ഭർത്താവുണരും മുമ്പ് കുളിയ്ക്കണമെന്നാണു വയ്പ്. പിന്നീട് കരയുള്ള വെളുത്ത വസ്ത്രം ധരിച്ച്, ചന്ദനം, വരമഞ്ഞൾക്കുറി, കുങ്കുമം എന്നിവ തൊട്ട്, കണ്ണെഴുതി ദശപുഷ്പം ചൂടി പാർവ്വതി സ്വയംവരകഥ പാടി പൂജയ്ക്കൊരുങ്ങുന്നു.

"ധനുമാസം തിങ്കളിൽ തിരുവാതിര മംഗല്യസ്ത്രീകളാം ഞങ്ങൾ നോറ്റൂ"

ഒരായിരം മൃത്യൂഞ്ജയഹോമം കഴിച്ചതിലേറെ ഫലം സിദ്ധിക്കുമെന്ന് ഫലശ്രുതിയുള്ളതാണ് തിരുവാതിര നോമ്പ്. സ്ത്രീകൾക്കു മാത്രം പങ്കുള്ളതാണ് ആർദ്രാദർശനം. ധനുമാസത്തിലെ അശ്വതിനാളിലാണ് തിരുവാതിര ആഘോഷത്തിൻെറ തുടക്കം.
അശ്വതി പുലരുന്നതിനുമുമ്പായി സ്ത്രീകൾ കൂട്ടത്തോടെ കുളകടവിലേക്കു നടക്കും. കുളക്കടവിൽ അരക്കൊപ്പം വെള്ളത്തിൽ തുടിച്ചും തൈെരുകടഞ്ഞുമാണ് കുളി. ധനു

മാസത്തിൽ തിരുവാതിര' എന്നുതുടങ്ങുന്ന പഴയപാട്ടാണ് പ്രധാനം. തിരുവാതിരനാൾ വരെ ഇതുതുടരും.

ത്രേതായുഗത്തിൽ തൻെറ ഭക്തയായ ബ്രാഹ്മണബാലികയുടെ മരിച്ചുപോയ ഭർത്താവിൻെറ ജീവൻ പാർവ്വതി സ്വന്തം പതിയിൽനിന്ന് നേടിയെടുത്തതുമായി ബന്ധപ്പെട്ടാണ് ആർദ്രാദർശനം. അത് തിരുവാതിരനാളിൽ ആയിരുന്നു എന്നൊരു പക്ഷമുണ്ട്.

മകീരം നാളിൽ കുളികഴിഞ്ഞ് ഭക്ഷണശേഷം മംഗല്യവനിതകൾ 108 വെറ്റില മുറുക്കേണ്ടതിനുള്ള ഒരുക്കങ്ങൾ തുടങ്ങും. നെടുമംഗല്യത്തിനായി ഒരു സ്ത്രീക്ക് അനുഷ്ഠിക്കാവുന്ന പ്രധാനക്രിയകളിൽ ഒന്നാണ് 108 വെറ്റിലമുറുക്കൽ. തിരുവാതിരനാൾ രാവിലെ മുതൽ രാത്രിവരെയുള്ള സമയത്തിനകത്ത് ഈ വെറ്റിലയത്രയും മുറുക്കിത്തീർക്കണം. ദശപുഷ്പങ്ങൾ, അഷ്ടമംഗല്യം എന്നിവക്കു മുന്നിലിരുന്നുവേണം വെറ്റില തെരഞ്ഞെടുക്കേണ്ടത്. മക്കളുടെ ഉന്നതിക്കുവേണ്ടി മകീരംനാളിലും നോമ്പു നോൽക്കുന്നവരുണ്ട്. മകീരം നാളിൽ രാത്രി ഉറങ്ങാൻ പാടില്ല. ഭർത്തൃസുഖത്തിനും ആയുരാരോഗ്യത്തിനും വേണ്ടി സ്ത്രീകൾ ഉറക്കമൊഴിക്കുന്നു. അർദ്ധരാത്രിയിൽ നടുമുറ്റത്ത് ഒത്തുകൂടി പാതിരാപ്പൂ ചൂടുന്നു (**കൊടുവേലിപ്പൂവ്**). നിലവിളക്ക് കൊളുത്തിവച്ച് ദശപുഷ്പവും അടയ്ക്കാമണിയനും കൊടുവേലിയും തലയിൽചൂടി വിളക്കിനുചുറ്റും 'മംഗലയാതിരനൽപുരാന്' എന്ന പാട്ടുപാടിക്കളിക്കുന്നു. അതിനുശേഷം ഊഞ്ഞാലാടണം. തിരുവാതിരനാളിൽ സരസ്വതീയാമത്തിൽ സ്ത്രീകൾ കുളത്തിലെത്തണം. വെള്ളത്തിൽ തുടിക്കലും പാടലും കഴിഞ്ഞ് കുളിച്ചുകയറി അവിടെത്തന്നെ വിളക്കുവച്ച് ഈറൻമാറി കണ്ണെഴുതിപൊട്ടുതൊട്ട് കൈകൊട്ടിക്കളിക്കണം. ഭഗവാൻെറ തുടികൊട്ടിൻെറ ശബ്ദത്തെ അനുകരിച്ചാണ് തുടിച്ചു കുളിക്കുന്നത്.

തിരുവാതിരനാൾ നോമ്പാണ്. തുളസിപ്പൂവും കരിക്കിൻവെള്ളവും മൂന്നുപ്രാവശ്യം കുടിച്ചാണ് തുടക്കം. അരിഭക്ഷണം പാടില്ല. തണുപ്പുകാലമാണെങ്കിലും തണുപ്പിൻെറ ശക്തി കൂട്ടുന്നവയാണ് തിരുവാതിര നാളിലെ ഭക്ഷണങ്ങൾ. ചെറുപഴവും ഇളനീരും കൂവപ്പൊടി ശർക്കരയിട്ടു വിരകിയതുമാണ് പ്രധാനം.

സതീദേവി പാർവ്വതിയായി ജന്മമെടുത്തു ശിവനെ ലഭിക്കാൻ തപസ്സുചെയ്തുകൊണ്ടിരുന്നു. പ്രത്യക്ഷപ്പെടാതായപ്പോൾ ആഹാരം കഴിക്കാതെ കഠിന തപസ്സു തുടങ്ങി. കാട്ടിലായിരുന്നു തപസ്സ്. പാർവ്വതിയുടെ അവസ്ഥ കണ്ടപ്പാൾ കാട്ടിൽ വസിക്കുന്നവരായ എട്ടുസ്ത്രീകൾ അവർ കഴിക്കുന്ന ആഹാര പദാർത്ഥങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ പാർവ്വതിക്കു കാഴ്ചവെച്ചു. ഒരു സ്ത്രീ കൂവനീരാണ് കഴിക്കാറ് എന്നുപറഞ്ഞ് അതും നൽകി. ആരെയും പിണക്കേണ്ട എന്നുകരുതി പാർവ്വതി അതെല്ലാം സ്വീകരിച്ചു. വേവിച്ചെടുക്കാൻ പാത്രമില്ലാത്തതിനാൽ ചുട്ടെടുത്ത്, കൂട്ടിയിളക്കി ഭഗവാനുനിവേദിച്ചശേഷം കഴിച്ചു. കൂവ നീരും കുറുക്കികഴിക്കുന്നു. 8 സ്ത്രീകൾ നൽകിയ ഭക്ഷണപദാർത്ഥങ്ങളാണ് എട്ടങ്ങാടി എന്നറിയപ്പെടുന്നത്.

പാതിരാപ്പൂ ചൂടിക്കഴിഞ്ഞശേഷം എട്ടങ്ങാടി നിവേദിച്ചുകഴിക്കേണ്ടതാണ്. കാച്ചിൽ/കാവിത്ത്, ചേമ്പ്, ചെറുകിഴങ്ങ്, ചേന, മുതിര, കായ, കരിമ്പ്, കൂർക്ക എന്നിവ ചേർത്താണ് എട്ടങ്ങാടി

തയ്യാറാക്കുന്നത്. ദേശ ഭേദങ്ങൾക്കനുസരിച്ച് എട്ടങ്ങാടി തയ്യാറാക്കുന്നതിലും വ്യത്യാസമുണ്ട്. കാവിത്ത്/കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ്, ചേന, മുതിര, കായ, കരിമ്പ്, കൂർക്ക എന്നിവയുടെ ഒരുഭാഗം കനലിൽ ചുട്ടെടുത്തും ബാക്കിവേവിച്ചും കൂട്ടിയിളക്കുന്നു. അതിലേയ്ക്ക് എള്ളും മുതിരയും വറുത്ത് ചേർത്തിളക്കുന്നു. ചിലർ ഇളനീരും ശർക്കര പാവും ചേർക്കുന്നു. ഇത് കുറെസമയം കേടുകൂടാതിരിക്കും. കേരളത്തിൻെറ വടക്കേ അറ്റത്തുനിന്നു തെക്കോട്ടുപോകുന്തോറും തിരുവാതിര ആഘോഷങ്ങൾക്ക് വളരെയേറെവ്യത്യാസമുണ്ട്. മദ്ധ്യജില്ലകളിലാണ് ആഘോഷം കൂടുതൽ. കായ ചുട്ടു തിന്നണം എന്നതു നിർബന്ധമാണ്. ഇതേ കിഴങ്ങു വർഗ്ഗങ്ങൾ ഉപയോഗിച്ച് പുഴുക്കും തയ്യാറാക്കും. ഉപ്പുംമുളകും ചേർത്തുതയ്യാറാക്കുന്നു. അരി ഭക്ഷണത്തിനു പകരം ഗോതമ്പ്, ചാമ ഇവകൊണ്ടുണ്ടാക്കുന്ന കഞ്ഞിയോ ചോറോ കഴിക്കുന്നു. നേന്ത്രക്കായ് നാലുകീറി വറുത്ത ഉപ്പേരിയുംപപ്പടവും പ്രധാനമാണ്.

**"പന്തലടിച്ചു തളിച്ചു മെഴുകി പന്തലിൽ പട്ടുവിതാനിച്ചിട്ട്**
**വാഴയ്ക്ക, ചേന, ചെറുകിഴങ്ങ് ഗോതമ്പും നല്ല വഴുതിനയും**
**നോമ്പിനു വേണ്ടുന്ന കോപ്പുകൂട്ടി പാർവ്വതി പാടി ഗണപതിയെ**
**രുക്മിണി പാടി സരസ്വതിയെ തോഴിമാർ എല്ലാരും ഏറ്റുപാടി**
**എട്ടങ്ങാടി വക നേദിച്ചിട്ട് പാതിരാപൂവു പറിച്ചു ചൂടി**
**സന്താനഗോപാലം ചൊല്ലുന്നോർക്ക് സന്തതിക്കേറ്റം പ്രധാനമല്ലോ"**

തുടിച്ചുകുളി, പാതിരാപ്പൂചൂടൽ, മലർവറുക്കൽ, തിരുവാതിരക്കളി എട്ടങ്ങാടി നിവേദിക്കൽ തുടങ്ങിയവ സൗഭാഗ്യകരമായ ദാമ്പത്യജീവിതം നയിക്കാൻ സഹായിക്കുന്നു. ഊഞ്ഞാലിട്ട് അതിൽകയറി ആടിയും പാടിയും പരമശിവനേയും ശ്രീകൃഷ്ണനേയും പ്രാർത്ഥിക്കണം. അത്താഴം സന്ധ്യയ്ക്കുമുമ്പേ കഴിക്കണം. കാലത്തും വൈകീട്ടും ശിവ ക്ഷേത്രദർശനം നിർബന്ധമാണ്.

മലയാളമനസ്സിൽ മംഗല്യമഹത്വത്തിൻെറ വിളക്കു തെളിയിച്ച തിരുവാതിരയുടെ ചടങ്ങുകൾ പലതും കൈമോശം വന്നുവെങ്കിലും പ്രിയതനമനുവേണ്ടി പ്രാർത്ഥനയോടെ നിൽക്കുന്ന അംഗനമാരെ ഇന്നും ഗ്രാമന്തരങ്ങളിൽ കാണാം.

## ദശപുഷ്പങ്ങൾ ഏതെല്ലാം?

**തിരുവാതിരവ്രതകാലത്ത് ഐശ്വര്യത്തിനും, ഭർത്താവിൻെറ ആയുരാരോഗ്യത്തിനും വേണ്ടി സ്ത്രീകൾ ദശപുഷ്പം ചൂടുന്നു. കറുക, മുക്കുറ്റി, തിരുതാളി, നിലപ്പന, കയ്യോന്നി, ചെറൂള, വിഷ്ണുക്രാന്തി, പൂവാംകുറുന്നില, മുയൽ ചെവിയൻ, ഉഴിഞ്ഞ എന്നിവയാണ് ദശപുഷ്പങ്ങൾ. ദശപുഷ്പങ്ങൾക്കോരോന്നിനും ഓരോ മൂർത്തികളുണ്ട്.**

### ദശപുഷ്പംചൂടാം, കഴിക്കാം

**ആയുർവേദത്തിൽ കർക്കിടകമാസത്തിന് വളരെ പ്രാധാന്യമുണ്ട്. സുഖചികിത്സയുടെ കാലമാണത്. വേനൽക്കാലത്ത് ഉണങ്ങി വരണ്ടു കിടക്കുന്ന ഭൂമിയിൽ മഴയോടുകൂടി കിളിർത്തു വരുന്ന ഔഷധസസ്യങ്ങളിൽ പോഷകമൂല്യവും, ഔഷധഗുണവും അധികരിയ്ക്കുമെന്നാണ് വിശ്വാസം. ഈ ഔഷധങ്ങൾ കർക്കിടകത്തിൽ സേവിച്ചാൽ വർഷം മുഴുവൻ ആരോഗ്യമെന്നാണ് പഴമൊഴി.**

**പത്തുതരം ഇലകളാണ് പ്രധാനമായും സുഖചികിത്സയ്ക്കുപയോഗിയ്ക്കുന്നത്. ദശപുഷ്പങ്ങൾ**

എന്നറിയപ്പെടുന്ന ഇവ ധനുമാസത്തിലെ തിരുവാതിര ദിവസം സുമംഗലികൾ തലയിൽ ചൂടുന്നു. കേരളത്തിന്റെ മാത്രം അമൂല്യ സമ്പത്തായ ദശപുഷ്പമാണ് കർക്കിടകത്തിലെ ഔഷധക്കഞ്ഞിയുടെ പ്രധാന ചേരുവ. അവയുടെ ദേവത, ഫലം, സംസ്കൃതനാമം എന്നിവ താഴെ വിവരിയ്ക്കുന്നു.

| | | | |
|---|---|---|---|
| **കറുക** | **- ബ്രഹ്മാവ് /ആദിത്യൻ<br>- ഭാർഗ്ഗവി** | **-** | **ആധിവ്യാധിശമനം** |
| **കൃഷ്ണക്രാന്തി / വിഷ്ണുക്രാന്തി** | **- ശ്രീകൃഷ്ണൻ/ചന്ദ്രൻ<br>- ഹരികോന്തിജം** | **-** | **വൈഷ്ണവ പാദലബ്ധി** |
| **തിരുതാളി** | **- ശ്രീഭഗവതി/ ശിവൻ<br>- തിരുതാളി** | **-** | **ഐശ്വര്യം** |
| **പൂവ്വാംകുറുന്നില** | **- സരസ്വതി/ബ്രഹ്മാവ്<br>- സഹദേവി** | **-** | **ദാരിദ്ര്യനാശം** |
| **മുക്കുറ്റി** | **- വിഷ്ണു /പാർവ്വതി<br>- ജലപുഷ്പം** | **-** | **ഭർതൃപുത്രസൗഖ്യം** |
| **കഞ്ഞുണ്ണി (കൈതോന്നി) / കയ്യോന്നി** | **- ശിവൻ/ ഇന്ദ്രൻ<br>- കേശരാജ** | **-** | **പഞ്ചപാതകനാശം** |
| **നെൽപാത (നെല്പന) / നിലമ്പന** | **- ശ്രീദേവി/ഭൂമിദേവി<br>- താലപത്രിക** | **-** | **വിവേകം** |
| **ചെറൂള** | **- യമധർമ്മൻ<br>- ഭദ്ര** | **-** | **ആയുസ്സ്** |
| **മുയൽചെവിയൻ (അടയ്ക്കാമണിയൻ)** | **- പരമശിവൻ/കാമൻ<br>- സംഭാരി** | **-** | **സൗന്ദര്യം** |
| **ഉഴിഞ്ഞ** | **- വരുണൻ/ഇന്ദ്രാണി<br>- ഇന്ദ്രവല്ലി** | **-** | **ഇഷ്ടസിദ്ധി** |

**ഇന്ദ്രവല്ലി; കേശരാജ; ഭാർഗ്ഗവി; ഹരികോന്തിജം**
**ഭദ്രാ; ജലപുഷ്പ; സംഭാരീ; സഹദേവി; തിരു; താലപത്രിക**

## കറുക

ഗണപതിഹോമത്തിനും, മാലകെട്ടുന്നതിനും, ബലിയിടുന്നതിനും സാധാരണ ഉപയോഗിയ്ക്കുന്ന കറുക, നിലം പറ്റി വളരുന്ന പുൽച്ചെടിയാണ്. ബുദ്ധിവികാസം ഉണ്ടാകാത്ത കുട്ടികൾക്ക് കറുകനീര് വളരെ ഫലപ്രദമാണ്. നട്ടെല്ലിനും തലച്ചോറിനും, ഞരമ്പുകൾക്കും ഉണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും കറുകനീർ സിദ്ധൗഷധമാണ്. മുലപ്പാൽ വർദ്ധിപ്പിയ്ക്കുന്നതിനും, ബുദ്ധിശക്തിയ്ക്കും ഓർമ്മശക്തിയ്ക്കും ഉത്തമമായ കറുക ആധിവ്യാധി നാശം ഉണ്ടാക്കുന്നു.

## കൃഷ്ണക്രാന്തി

പനിയുള്ളപ്പോൾ ഇടിച്ചു പിഴിഞ്ഞ നീര് രണ്ടോ, മൂന്നോ ടീസ്പൂൺ കൊടുത്താൽ പനിയ്ക്ക് ആശ്വാസം കിട്ടും. ബുദ്ധിമാന്ദ്യം, ഓർമ്മക്കുറവ് എന്നിവയ്ക്ക് സിദ്ധൗഷധം. രക്തശുദ്ധിയ്ക്കും, തലമുടി വർദ്ധിപ്പിയ്ക്കുന്നതിനും ഉത്തമമായ ഔഷധമാണിത്.

## തിരുതാളി

സ്ത്രീകൾക്കുണ്ടാകുന്ന വന്ധ്യതയ്ക്കും, ഗർഭപാത്ര സംബന്ധമായ അസുഖങ്ങൾക്കും അത്യുത്തമം.

**പൂവാംകുറുന്നില**
ശരീരതാപം കുറയ്ക്കാനും, മൂത്രപ്രവാഹം സുഗമമാക്കുവാനും, വിഷം കളയുന്നതിനും രക്ത ശുദ്ധിയ്ക്കും നല്ലത്.

**ഉഴിഞ്ഞ**
സുഖപ്രസവത്തിന് ഉത്തമം

**മുക്കുറ്റി**
ശരീരത്തിനകത്തെ രക്തസ്രാവം, അർശസ്സ് മതുലായവയ്ക്ക് അത്യുത്തമം. പ്രസവം കഴിഞ്ഞാൽ മുക്കുറ്റി ഇടിച്ചു പിഴിഞ്ഞ നീര് കഴിയ്ക്കുന്നത് നല്ലതാണ്. മുറിവുകൾ ഉണങ്ങുന്നതിന് പുറത്ത് ലേപനമായി ഉപയോഗിയ്ക്കാം. കൂടാതെ അകത്തു കഴിയ്ക്കുകയും ചെയ്യാം. സമൂലം തേനിൽ ചേർത്തു കഴിച്ചാൽ ചുമ, കഫക്കെട്ട് മുതലായവ ശമിയ്ക്കും.

**അടയ്ക്കാമണിയൻ**
തൊണ്ടസംബന്ധമായ സർവ്വ രോഗങ്ങൾക്കും നല്ലത്. നേത്രകുളിർമ്മയ്ക്കും, രക്താർശസ്സ് കുറയ്ക്കുന്നതിനും ഫലപ്രദം.

**കഞ്ഞുണ്ണി**
വാതസംബന്ധമായ സർവ്വരോഗങ്ങൾക്കും അത്യുത്തമം. മുടി തഴച്ചുവളരാൻ എണ്ണ കാച്ചി ഉപയോഗിയ്ക്കാം. കാഴ്ച വർദ്ധനയ്ക്കും, കഫരോഗ ശമനത്തിനും ഫലപ്രദം.

**നെല്ലന**
ആർത്തവസംബന്ധമായ രോഗങ്ങൾക്കും, വേദന, അമിത രക്തസ്രാവം മുതലയാവയ്ക്കും അത്യുത്തമം. വാജീകരണ ശക്തിയുണ്ട്. യോനീരോഗങ്ങൾക്കും മൂത്രചുടിച്ചിലിനും നല്ല ഔഷധമാണ്.

**ചെറുള**
ശരീരത്തിലെ വിഷാംശങ്ങളെ പുറത്തു കളയുന്നതിനും, വൃക്കരോഗങ്ങൾ തടയുന്നതിനും ഫലപ്രദം. രക്തസ്രാവം, കൃമിശല്യം, മൂത്രക്കല്ല് എന്നിവയ്ക്ക് ഉത്തമം.

**ദശപുഷ്പത്തെക്കുറിച്ചുള്ള പ്രശസ്തമായ തിരുവാതിരപ്പാട്ട്**
**സാരസാക്ഷിമാർ കേൾപ്പിനെല്ലാരും സാരസമാം മമ ഭാഷിതം**
**പോരുവനിന്നിഹ ലീലകളെല്ലാം നേരം പാതിരാവയല്ലോ**
**ധന്യമാം ദശപുഷ്പം ചൂടുവാൻ വന്വമെന്നിയേ പോകണം**
**സൽഗുണങ്ങളെ വർണ്ണിച്ചു കേൾക്കുവാൻ ആഗ്രഹമുണ്ടു മേല്ക്കുമേൽ**
**ആദിയാം കറുകയോർക്കുമ്പോൾ ആദിത്യനല്ലോ ദേവത**
**ആധിവ്യാധികളാകമേ തീരും ആദരാലിതു ചൂടുകിൽ**
**രണ്ടാമതാകും കൃഷ്ണക്രാന്തിയ്ക്ക് കൊണ്ടൽ നേർവർണ്ണൻ ദേവത**
**തൃഷ്ണയോടിതു ചൂടുന്നതാകിലോ വൈഷ്ണവ പാദം ലഭ്യമാം**
**മൂന്നാമതാകും കുരുന്നിലയോർത്താൽ ഇന്ദിരാദേവി ദേവത**
**ദാരിദ്ര ദുഃഖമാകതിനാലെ തീരുമെന്നിഹ നിർണ്ണയം**
**നാലാമതാകും നെല്പനയോർത്താൽ ഊഴിദേവിതൻ ദേവത**
**പാരിലിന്നിഹ ചൂടുന്നതാകിലോ പാപമാദികൾ തീരുമേ**
**അഞ്ചാമതാകും കഞ്ഞുണ്ണിയോർത്താൽ പഞ്ചബാണാരി ദേവത**

**അഞ്ചാമതായി ചൂടുന്നതാകിലോ പഞ്ചപാപങ്ങൾ തീരുമേ**
**ആറാമതാകും മുക്കുറ്റിയോർത്താൽ പാർവ്വതി ദേവി ദേവത**
**ഭർത്തൃസൗഖ്യവും പുത്രരുമുണ്ടാം ഭക്തിയോടിതു ചൂടുകിൽ**
**ഏഴാമതാകും തിരുതാളിയോർത്താൽ ഇന്ദിരാദേവി ദേവത**
**സുന്ദരിമാരിതു ചൂടുന്നതാകിലോ സൗന്ദര്യമുണ്ടാം മേൽക്കുമേൽ**
**എട്ടാമതാകും ഉഴിഞ്ഞയോർക്കുകിൽ ഇന്ദ്രാണി ദേവി ദേവത**
**മട്ടോലം മിഴിമാരെ നിങ്ങടെ ഇഷ്ടങ്ങളൊക്കെ സാധ്യമാം**
**ഒമ്പതാമൻ ചെറുളയോർക്കുവിൻ വമ്പനും യമധർമ്മനും**
**ഭക്തിയോടിതു ചൂടുന്നതാകിലോ ആയുസ്സുമുണ്ടാം മേൽക്കുമേൽ**
**പത്താമനാകും മുയൽച്ചെവിയനും ചിത്തജാതാവ് ദേവത**
**സുന്ദരിമാരിതു ചൂടുന്നതാകിലോ മംഗല്യമുണ്ടാം മേൽക്കുമേൽ**

## തുടിച്ചു കുളിപാട്ട്

**''ധനുമാസത്തിലെ തിരുവാതിര ഭഗവാൻ തൻെറ തിരുനാളല്ലോ ഭഗവതിയ്ക്കും തിരുനൊയമ്പ് ഉണ്ണരുത്, ഉറങ്ങരുത് തുടിയ്ക്കണം പോൽ, കുളിയ്ക്കണം പോൽ ആടണം പോൽ, പാടണം പോൽ പൊന്നൂഞ്ഞാലിലാടണം പോൽ''**

## പൂവക്കാഴി/ പൂവക്കാടി

പ്ലാശിന്റെ ഇലയിൽ അരികൊണ്ട് അട വെച്ച് അതിനുമേൽ മൂന്ന് കറുകപ്പുല്ലിൻെറ തല നുള്ളി വെയ്ക്കുന്നു. പിന്നീട് എരിക്കിൻെറ ഇല കൊണ്ടടച്ച് ഭർത്താവിൻെറ ദീർഘായുസ്സിനായി പ്രാർത്ഥിച്ച്, ദേവിയ്ക്ക് സമർപ്പിക്കുന്ന ചടങ്ങ്.

## തിരുവാതിരക്കളി

ആർദ്രാവ്രതം തുടങ്ങി ഏഴുനാളും രാത്രികളിൽ സ്ത്രീകൾ സംഘം ചേർന്ന് നിലവിളക്കിന് ചുറ്റും ചുവടുവെച്ച് തിരുവാതിരക്കളി നടത്തുന്നു. ഭരതനാട്യത്തിൻെറയും മോഹിനിയാട്ടത്തിൻെറയും പ്രാചീന രൂപമാണത്. ശാസ്ത്രീയ നൃത്തം അഭ്യസിയ്ക്കാൻ അവസരം കിട്ടാത്തവർക്ക് തിരുവാതിരക്കളി, മാനസികോല്ലാസം നൽകുന്ന ഒരു വ്യായാമകല കൂടിയാണ്. ശിവസ്തുതിയും കൃഷ്ണസ്തുതിയുമാണ് മിയ്ക്കപാട്ടുകളിലേയും വിഷയം. ഇരയിമ്മൻതമ്പിയുടെ ഉത്തരാസ്വയംവരം ആട്ടക്കഥയിലെ 'വീരവിരാടകുമാരവിഭോ' എന്നാരംഭിയ്ക്കുന്ന കുമ്മിയാണ് ഏറ്റവും പ്രസിദ്ധം.

## എട്ടങ്ങാടി

ധനുമാസത്തിലെ തിരുവാതിരത്തലേന്ന് വ്രതശുദ്ധകളായി സ്ത്രീകൾ നടത്തുന്ന ചടങ്ങാണ് എട്ടങ്ങാടി. മുറ്റത്ത് തീക്കുണ്ഡമുണ്ടാക്കി ചേന, ചേമ്പ്, കിഴങ്ങ്, കാച്ചിൽ, പഴനുറുക്ക്, ചോളം, കായ, കൂർക്ക എന്നിവ ചുട്ടെടുത്ത് വറുത്തരിയും കരിക്കും ധാരാളമായി ചേർത്ത് ശിവപാർവ്വതിമാർക്ക് നിവേദിയ്ക്കുന്നു. പിന്നീടത് പ്രസാദമായി കഴിയ്ക്കുന്നു. എട്ടങ്ങാടി നിവേദിയ്ക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയാണ്.

**''കാർത്ത്യായനീ മഹാമായേ മഹാ യോഗീന്നധീശ്വരീ**
**നന്ദ ഗോപസുധേ ദേവീ പതിം മേ കുരു തേ നമഃ.''**

## തിരുവാതിരപ്പാട്ടുകൾ

ഭാഷയെ ഭാവദീപ്തമാക്കുന്ന അതിസുന്ദരവും ലളിതവുമായ സങ്കല്പങ്ങൾ കൊണ്ട് നിറഞ്ഞതാണ് തിരുവാതിരക്കാലത്തെ പാട്ടുകൾ. തുടിച്ച് കുളയ്ക്കുന്നതിനായി പുഴയിലിറങ്ങുമ്പോൾ, പുഴ ഗംഗയാണെന്ന് സങ്കൽപ്പിച്ച് ജലത്തെയുണർത്തുന്ന പാട്ടാണ് 'തൊട്ടു വന്ദനം'

**''ഒന്നാകും പാൽക്കടലിൽ ഒന്നല്ലോ പള്ളിശംഖ്**
**ഉണരുണരു ഗംഗാദേവീ രണ്ടാനാം പാൽക്കടലിൽ രണ്ടല്ലോ ........''**

ഇങ്ങനെ പത്ത് വരെയുള്ള സംഖ്യകൊണ്ട് പാടിയിട്ട് പുഴയെ തൊട്ടു വന്ദിച്ച ശേഷമാണ് സ്ത്രീകൾ കുളിയ്ക്കാനിറങ്ങുന്നത്.

## പാതിരാപ്പൂ പാട്ട്

തിരുവാതിരത്തലേന്ന് ദശപുഷ്പങ്ങൾ എല്ലാം ചേർത്ത് കെട്ടി, പാലുള്ള ഏതെങ്കിലും വൃക്ഷത്തിന് ചുവട്ടിൽ നിക്ഷേപിയ്ക്കുന്നു. തിരുവാതിര പുലരുമ്പോൾ, കൂട്ടത്തിൽ പുതുതായി വിവാഹം കഴിഞ്ഞ യുവതിയെക്കൊണ്ട്, ഈ ദശപുഷ്പം എടുപ്പിയ്ക്കുന്നു. ഈ സമയത്ത് സംഘം ചേർന്ന് പാടുന്ന പാട്ടാണ് പാതിരാപ്പൂപാട്ട്.

**''ഒന്നാനാം കുന്നിൽ മേൽ ഓരടി കുന്നിൻമേൽ ഒന്നല്ലോ തോഴിമാർ പാലനട്ടു**
**പാലയ്ക്കില വന്നു, പൂവന്നു, കാവന്നു പാലയില നുള്ളി പാലയ്ക്ക് നീർ കൊട് പാർവ്വതിയേ.''**

## തിരുവാതിരപ്പുഴുക്ക്

ആർദ്രാവ്രതത്തിനോടനുബന്ധിച്ചുണ്ടാക്കുന്ന വിശിഷ്ട പലഹാരമാണ് തിരുവാതിരപ്പുഴുക്ക് പോഷകാഹാരപ്രദവും അതീവ രുചികരവുമാണ് തിരുവാതിരപ്പുഴുക്ക്.

ചേന, ചേമ്പ്, കിഴങ്ങ്, കാച്ചിൽ, കൂർക്ക, വാഴയ്ക്ക/ഏത്തയ്ക്ക - **ചെറുതായി നുറുക്കിയത് അരക്കപ്പ് വീതം**
വൻപയർ കുതിർത്തത് - **കാൽക്കപ്പ്** നാളികേരം ചുരണ്ടിയത്- **അരക്കപ്പ്**
വറ്റൽ മുളക് - **ആറ്** ഉപ്പ്, കറിവേപ്പില വെളിച്ചെണ്ണ- **പാകത്തിന്**

വൻ പയർ കുതിർക്കുക. ശേഷം കിഴങ്ങ് വർഗ്ഗങ്ങൾ വേവിയ്ക്കുക. വറ്റൽമുളക്, നാളികേരം എന്നിവ ചതച്ച് വയ്ക്കുക. കിഴങ്ങ് വർഗ്ഗങ്ങൾ വെന്ത് കഴിയുമ്പോൾ ചതച്ച് വെച്ചകൂട്ട് വിതറുക. പിന്നീട് ഉപ്പ് ചേർത്തിളക്കുക. കഷ്ണങ്ങൾ നന്നായി കട്ടയായിക്കഴിയുമ്പോൾ കറിവേപ്പിലയും വെളിച്ചെണ്ണയും ചേർക്കുക.

പേർത്തും നെറ്റിയിൽ മഞ്ഞവരക്കുറി ചാർത്തിയ പുലരി വരും നേരം
തനതുടലിൽ നവ മാടകൾ ചാർത്തി പനിനീരലരിന് തുള്ളാനും
മൊട്ടുകിളുക്കും പിച്ചകവള്ളികളാതിര നോൽക്കാൻ വെമ്പുമ്പോൾ
വാസന നൂറു പുരട്ടിയ വെറ്റില പോലെ പകലുകൾ ചുരുളുമ്പോൾ
വരുമോ വീണ്ടും പൂത്തിരുവാതിര ചൊരിയും വെള്ളി നിലാവേ നീ
(തിരുവാതിര - പി കുഞ്ഞിരാമൻ നായർ)

*Om Namo Narayanaya:*




## ത്യാഗരാജ സ്വാമികൾ - അധുനീകസംഗീതത്തിന്റെ ഭീഷ്മാചാര്യൻ.

**(രാജു-വിളാവത്ത്-ക്കുവപ്പടി.)**

കലകളിൽവച്ച് അത്യുന്നതം എന്ന് മഹത്തുക്കളാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള സംഗീതം കൊണ്ട് സാധിക്കാത്തതായി ഒന്നുംതന്നെയില്ലെന്ന് അനേകം ദൃഷ്ടാന്തങ്ങൾ മുഖേന പൗരാണികകാലം മുതൽക്ക് പൗരസ്ത്യരും പാശ്ചാത്യരും ഒന്നുപോലെ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ഭാരതിയസംഗീതം അവരുടെ ദേവതകളുമായി അഭേദ്യബന്ധം പുലർത്തിപ്പോരുന്നതായി കാണാൻ പ്രയാസമില്ല. സ്മൃതികളിലും, ഉപനിഷത്തുകളിലും, വേദങ്ങളിൽ പ്രത്യേകിച്ച് സാമവേദത്തിലും സംഗീതം നിറഞ്ഞു നിൽക്കുന്നു. അനായാസേന മോക്ഷം പ്രാപിക്കാനും, രോഗനിവാരണത്തിനും, ഉയർന്ന സംസ്കാരത്തിനും എന്നുവേണ്ട ധാന്യങ്ങളുടെ വിളവുവർദ്ധനക്കു പോലും സംഗീതം ഉപയോഗപ്രദമായിത്തെളിഞ്ഞിട്ടുണ്ടെന്ന് ആധുനികശാസ്ത്രജ്ഞന്മാർ പോലും സമ്മതിച്ചിട്ടുള്ള കാര്യമാണ്.

"വീണാവാദനതത്ത്വജ്ഞ: ശ്രുതിജാതിവിശാരദ:
താളജ്ഞശ്ചാപ്രയാസേന മോക്ഷമാർഗ്ഗം നിയച്ഛതി."   (യാ.വ. സ്മൃതി).

അങ്ങിനെയുള്ള സംഗീതസാധനയിലൂടെ മോക്ഷപ്രാപ്തനായ മഹാനായിരുന്നു ത്യാഗരജസ്വാമികൾ.

വിജയനഗര സാമ്രാജ്യത്തിന്റെ അധപ്പതനത്തെ തുടർന്നുണ്ടായ സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം പലതെലുങ്കു ബ്രാഹ്മണ കുടുംബങ്ങളും തമിൾനാട്ടിലുള്ള തഞ്ചാവൂർ ജില്ലയിലേക്ക് കുടിയേറി പാർക്കുകയുണ്ടായി. തഞ്ചാവൂർ രാജാക്കന്മാർ അവർക്ക് യധാകാലം സംരക്ഷണം നൽകുക മാത്രമല്ലാ, കാവേരിനദീതീരത്തുള്ള ഫലഭൂയിഷ്ഠമായ പലേ ഭൂപ്രദേശങ്ങൾ പതിച്ചുകൊടുക്കുകയും ചെയ്തു. അങ്ങിനെ തിരുവാരൂരിൽ സ്ഥിരതാമസമാക്കിയിരുന്ന 'മുരിഗുനാഡു' വിഭാഗത്തിൽപ്പെട്ട രാമബ്രഹ്മത്തിന്റെയും സീതമ്മയുടേയും മൂന്നാമത്തെ പുത്രനായി 1767 മെയ്മാസം നാലാം തിയ്യതി ത്യാഗരാജൻ ജനിച്ചു. ജൽപ്പേശനും രാമനാഥനും അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരങ്ങളായിരുന്നു. കുട്ടികൾക്ക് ഏതെങ്കിലും ദേവീദേവന്മാരുടെ പേരിടുകയെന്നത് അക്കാലത്ത് ബ്രാഹ്മണരുടെ ഇടയിലുണ്ടായിരുന്ന ഒരു നാട്ടു സമ്പ്രദായ മായിരുന്നു. അതനുസരിച്ച് തിരുവാരൂരിലെ പ്രധാനദേവനായ ത്യാഗരാജന്റെ (ശിവൻ) നാമം തന്നെ രാമബ്രഹ്മം സ്വപുത്രന് നൽകി. വേദാന്തത്തിലും സംഗീതത്തിലും നിത്യോപാസന അനുഷ്ഠിച്ചുവന്നിരുന്ന കുടുംബമായിരുന്നു രാമബ്രഹ്മത്തിന്റേത്. സ്വന്തം സഹോദരങ്ങളിൽ പലരും സന്ന്യാസം സ്വീകരിച്ചിരിക്കെ, അഞ്ചാമനായ ഗിരിരാജബ്രഹ്മത്തിന് ഒരു കവിയാകാനായിരുന്നു നിയതിനിശ്ചയം. അദ്ദേഹമായിരുന്നു ത്യാഗരാജന്റെ പിതാമഹൻ.

പുരന്ദരദാസന്റെ ഭക്തിനിർഭരമായ അനേകം കീർത്തനങ്ങൾ പ്രഭാതത്തിലും സായാൻഹത്തിലും സീതമ്മ പതിവായി പാടാറുണ്ടായിരുന്നു. അവർ ഒരു നല്ല ഗായികയുമായിരുന്നു. രാമബ്രഹ്മമാണെങ്കിൽ രാമായണം നിത്യപാരായണം ചെയ്തിരുന്ന വ്യക്തിയും. ഈ അന്തരീക്ഷത്തിലാണ് ത്യാഗരാജൻ വളർന്നത്. മൂത്ത പുത്രന്മാർ രണ്ടും പഠനവിഷയത്തിൽ താൽപര്യം കാണിക്കുന്നില്ലെന്നു കണ്ട പിതാവ് ത്യാഗരാജനിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തി. ബാല്യത്തിൽ തന്നെ സംസ്കൃതം തെലുങ്ക് മുതലായവ അച്ചനിൽ നിന്നും സംഗീതം അമ്മയിൽ നിന്നും ത്യാഗരാജൻ അഭ്യസിക്കാനാരംഭിച്ചു. എന്തും ഒരിക്കൽ കേട്ടാൽ മനപാഠമാക്കാനുള്ള ബാലന്റെ ഗ്രഹണ പാടവത്തെക്കണ്ട് മാതാപിതാക്കൾ അഹ്ലാദചിത്തരായി. തഞ്ചാവൂർ അരമനയിലെ ഉത്സവത്തോടനുബന്ധിച്ചു കൂടുന്ന സാഹിത്യസദസ്സിൽ രാമായണപാരായണം ചെയ്തുവന്നിരുന്നത് രാമബ്രഹ്മമായിരുന്നു. ഈ സമയമെല്ലാം ഏതാണ്ട് നിത്യദാരിദ്ര്യത്തിൽക്കഴിയേണ്ടിവന്നരാമബ്രഹ്മവും കുടുംബവും ത്യാഗുവിന് എട്ടുപത്തുവയസുള്ളപ്പോൾ തിരുവയ്യാറിലേക്ക് താമസം മാറ്റി. നാടുവാണിരുന്ന രാജാവിന്റെ കാരുണ്യം കോണ്ട് അവിടെ ഒരു ചെറിയ വീടും കുറെ കൃഷിഭൂമിയും അദ്ദേഹത്തിന് ദാനമായി കിട്ടി.

തഞ്ചാവൂർ രാജകൊട്ടാരം തിരുവയ്യാറിൽ നിന്നും അധികം ദൂരത്തല്ലായിരുന്നതുകൊണ്ട്, രാമബ്രഹ്മം മകനേയും ഇടക്ക് അവിടെ കൂട്ടികൊണ്ട് പോവുക പതിവായിരുന്നു. ത്യാഗുവിന് അക്ഷരസ്ഫുടതയോടുകൂടി രാമായണം വായിക്കാമെന്നായപ്പോൾ രാമബ്രഹ്മം മകനെ ആ കൃത്യം ഏൽപിച്ചു. അങ്ങിനെ ഒരുദിവസം നിറഞ്ഞ പണ്ഡിത സദസ്സിൽ ആദ്യമായി ത്യാഗരാജൻ രാമായണശ്ലോകങ്ങൾ ചൊല്ലുകയും രാമബ്രഹ്മം അവയെ വ്യാഖ്യാനിക്കുകയും ചെയ്തു. പണ്ഡിതലോകം ഒന്നടങ്കം ത്യാഗുവിന്റെ ഉച്ചാരണ നിപുണതയെ പുകഴ്ത്തി. ത്യാഗരാജൻ ശ്ലോകങ്ങൾ വായിക്കുക, രാമബ്രഹ്മം അർത്ഥം പറയുക എന്നത് കൊട്ടാരസദസ്സിലെ നിത്യസംഭവമായി മാറാൻ അധിക കാലം വേണ്ടിവന്നില്ല. കൊട്ടാരം വിദ്വാന്മാരുടെ അഭിപ്രായത്തെ മാനിച്ച് ത്യാഗുവിന് വേണ്ടതായ സംഗീത ശിക്ഷണം നൽകുവാൻ പിതാവ് നിശ്ചയിച്ചു. കൊട്ടാരത്തിലെ ആസ്ഥാന വിദ്വാനും തന്റെ അയൽ വാസിയുമായിരുന്ന സൊണ്ടി വെങ്കിടരമണയെന്ന സംഗീതജ്ഞന്റെ കീഴിൽ സംഗീതത്തിന്റെ ഉപരിപഠന വിഷയകമായി ത്യാഗുവിനെ ആക്കിയാലെന്തെന്ന് പിതാവിനാഗ്രഹമുണ്ടായിരുന്നെങ്കിലും, ഇത്രചെറിയ ഒരു കുട്ടിയെ വലിയ സംഗീതജ്ഞനായ അദ്ദേഹം ശിഷ്യനായി സ്വീകരിക്കുമോ എന്നൊരു ശങ്കയും ഉണ്ടാകാതിരുന്നില്ല.

രാമബ്രഹ്മത്തിന്റെ നിത്യപൂജക്ക് പൂപറിക്കാൻ ത്യാഗരാജൻ പോകാറുള്ളത് വെങ്കിടരമണയ്യയുടെ പൂന്തോട്ടത്തിലായിരുന്നു. അദ്ദേഹം ശിഷ്യന്മാരെ സംഗീതമഭ്യസിക്കുന്നത് കേട്ടു നിൽക്കുകയും ത്യാഗുവിന്റെ പതിവായിരുന്നു. അങ്ങിനെ ഒരുദിവസം പൂവുമായിവരാൻ ത്യാഗു പതിവിലേറെ വൈകിയതുകണ്ട് അച്ഛൻ അന്വേഷിച്ചിറങ്ങി. അപ്പോൾ ഗുരുവിൽനിന്നൊഴുകിവരുന്ന നാദബ്രഹ്മത്തിൽ മതിമറന്ന് നിൽക്കുന്ന മകനെക്കണ്ട് പിതാവ് വിസ്മയം പൂണ്ടു. ഉടനെ ത്യാഗുവിനെയും കൂട്ടിക്കൊണ്ട് അദ്ദേഹം ഗുരുവിന്റെ വസതിയിൽ ചെല്ലുകയും വിവരങ്ങളെല്ലാം ഉണർത്തിക്കുകയും ചെയ്തു. എല്ലാം കേട്ട ഭാഗവതർ ത്യാഗുവിനെ സസന്തോഷം തന്റെ ശിഷ്യനായി സ്വീകരിച്ച് വിദഗ്ധമായി ശിഷണവുമാരംഭിച്ചു. അധികകാലം കഴിയുന്നതിനുമുമ്പ്, ഗുരുവിനറിയാവുന്നതെല്ലാം ത്യാഗരാജൻ സ്വായത്തമാക്കുകയും, വിനീതനായ ഒരു ശിഷ്യൻ എന്നനിലയിൽ ഗുരുവിന്റെ അനുഗ്രഹം നേടുകയും ചെയ്തു. സംഗീതശാസ്ത്രപരമായി അന്നുവരെ ഉണ്ടായിരുന്ന സകല ഗ്രന്ഥങ്ങളും ത്യാഗരാജൻ വായിച്ചു പഠിച്ചു. എന്നിരുന്നാലും, വിപുലമായ സംഗീത രംഗത്ത് ഇനിയും വളരെയേറെ പഠിക്കാനുണ്ടെന്നും അവയെല്ലാം എങ്ങിനെ സാധിക്കുമെന്നും ഉള്ള ചിന്ത അദ്ദേഹത്തെ അലട്ടികൊണ്ടിരുന്നു.

അന്നത്തെ രീതിയനുസരിച്ച് യൗവ്വനത്തിൽത്തന്നെ ത്യാഗരാജൻ വിവാഹം കഴിച്ചു. അദ്ദേഹത്തിന് പതിനേഴ-പതിനെട്ടു വയസായപ്പോൾ പിതാവും, താമസിയാതെ മാതാവും അന്തരിച്ചു. രാമനാഥൻ എന്ന ജേഷ്ഠൻ നേരത്തെ മരിച്ചുപോയതുകൊണ്ട് വീട്ടുസ്വത്ത് ജൽപ്പേശനും ത്യാഗരാജനും കൂടി ഭാഗിച്ചെടുത്തു. വീടിന്റെ ഒരു ഭാഗവും പിതാവ് പൂജിച്ചിരുന്ന ശ്രീരാമ വിഗ്രഹവും ത്യാഗുവിന് കിട്ടി. ശ്രീരാമപൂജയും രാമസങ്കീർത്തനവും മാത്രമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യാനുഷ്ഠാനങ്ങൾ. പതിമൂന്നാമത്തെ വയസുമുതൽ അദ്ദേഹം പിള്ളാരിഗീതങ്ങൾ രചിക്കാൻ തുടങ്ങിയിരുന്നു. പക്ഷേ ഇതൊന്നും സംഗീതപരമായി മേന്മപുലർത്തുന്നവയായിരുന്നില്ല. "നമോ നമോ രാഘവായ" എന്ന ഗാനം അദ്ദേഹത്തിന്റെ ആദ്യകാല കീർത്തനങ്ങളിൽ പ്പെട്ടതാണ്.

കുടുംബസ്വത്തിൽ നിന്നു കിട്ടിയ നാമമാത്രമായ ധനം മുഴുവൻ വേഗത്തിൽ തീർന്നുപോയതുകൊണ്ട് ഉഞ്ചവൃത്തി (ഭിക്ഷാടനം) ഉപജീവനമാർഗ്ഗമായി ത്യാഗരാജൻ സ്വീകരിച്ചു. രാമഭജനവും ഉഞ്ചവൃത്തിയുമായി ജീവിതം നയിക്കുന്നതിനിടയിൽ കാഞ്ചി പുരത്തുനിന്നുവന്ന രാമകൃഷ്ണയതീന്ദ്രനെന്ന യോഗീവര്യനുമായി ത്യാഗരാജന് സന്ധിക്കാനിടവന്നു. ത്യാഗരാജന്റെ നിസ്സീമമായ രാമഭക്തിയിൽ ആകൃഷ്ടനായ സന്യാസിവര്യൻ അദ്ദേഹത്തിന് ശ്രീരാമമന്ത്രം ഉപദേശിക്കുകയും, ആ മന്ത്രം 96 കോടി പ്രാവ്ശ്യം ജപിച്ച് സിദ്ധിവരുത്തുവാനും നിർദ്ദേശിച്ചു. കൽപനപ്രകാരം തിരുവയാറിലെ ദക്ഷിണകൈലാസക്ഷേത്രത്തിന്റെ തിരുനടയിലിരുന്ന് രാമമന്ത്രം ഉരുക്കഴിക്കാൻ തുടങ്ങി. ദിവസംതോറും ലക്ഷക്കണക്കിന് രാമമന്ത്രം നിഷ്കർഷയോടും ഭക്തിയോടും കൂടി ഉരുവിട്ട് ഏതാണ്ടിരുപത്തൊന്നു വർഷംകൊണ്ട് 96 കോടി ജപം പൂർത്തിവരുത്തി. കാലതാമസം കൂടാതെ ശ്രീരാമൻ സീതലക്ഷ്മണഭരതഹനുമത് സമേതനായി അദ്ദേഹത്തിന് ദർശനമരുളുകയും, ആ അനർഘനിമിഷത്തെ മതിമറന്ന് അദ്ദേഹം "ഏല നീ ദയര ദൂ" എന്ന ആഠണാ കീർത്തനം പാടിയെന്നും, ആ കീർത്തനമാണ് ശാസ്ത്രീയ കർണ്ണാടക സംഗീതത്തിന് ത്യാഗരാജന്റെ ആദ്യത്തെ സംഭാവനയെന്നും വിശ്വസിച്ചുവരുന്നു.

പ്രസ്തുത സംഭവത്തിനുശേഷം അദ്ദേഹം ഭക്തിരസംതുളുമ്പുന്നവയും ഭാവാത്മകവുമായ ഒട്ടേറെ കീർത്തനങ്ങൾ തുടരെത്തുടരെ രചിച്ചു പാടിയിരുന്നു. അദ്ദേഹത്തിന്റെ സംഗീതത്തിൽ ആകൃഷ്ടരായി പലരും ദൂരസ്ഥലങ്ങളിൽനിന്നുപോലും വന്നിരുന്നു. അങ്ങിനെവന്നിരുന്നവരിൽ പലരും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ച് സംഗീതമഭ്യസിക്കാൻ തുടങ്ങി.

കുറച്ചുകാലംകൊണ്ട് ആയിരക്കണക്കിന് ശിഷ്യന്മാരദ്ദേഹത്തിനുണ്ടായി. നാമജപവും, ഭജനയും, ഉഞ്ചവൃത്തിയും, സംഗീതമഭ്യസിപ്പിക്കലും മറ്റുമായി ഒരുലളിതജീവിതം ത്യാഗരാജൻ നയിച്ചു. ഭിക്ഷയെടുത്ത് കിട്ടുന്ന പണത്തിൽനിന്നും തനിക്കും തന്റെ ശിഷ്യർക്കും ചിലവിനുള്ളതു മാത്രമെടുത്തിട്ട് ബാക്കി പാവപ്പെട്ടവർക്കു ദാനം ചെയ്യുകയോ കാവേരിനദിയിൽ കളയുകയോ ആണ് അദ്ദേഹം ചെയ്തിരുന്നത്.

അക്കാലത്ത് പലരാജാക്കന്മാരും, ഉന്നതപദവിയാർജ്ജിച്ചിരുന്ന പ്രഭുക്കന്മാരും ത്യാഗരാജനെ ആസ്ഥാന വിദ്വൽസ്ഥാനം നൽകി ആദരിക്കാൻ മുന്നോട്ടുവന്നെങ്കിലും ഐഹികസുഖങ്ങളോടും പദവിയോടും വെറുപ്പ് പ്രകടിപ്പിച്ചിരുന്ന ത്യാഗരാജൻ ക്ഷണമെല്ലാം നിരസിക്കുകയാണുണ്ടായത്. തഞ്ചാവൂർ ഭരിച്ചിരുന്ന ഏകോജിയും അതിലേക്കായി ചില പരിശ്രമങ്ങൾ നടത്തിയെങ്കിലും ശ്രമം വിഫലമാവുകയാണുണ്ടായത്. തന്നെ സ്തുതിച്ചുകൊണ്ടൊരു ഗാനം രചിച്ചുപാടിയാൽ അളവറ്റസ്വത്തും കൂട്ടത്തിൽ പല പദവികളും വാഗ്ദാനം ചെയ്ത ഏകൊജി അവസാനം നിരാശനായിത്തീർന്നു. ഏകോജിയുടെ ക്ഷണവുമായെത്തിയ ദൂതന്മാർവശം കല്യാണി രാഗത്തിൽ 'നിധിചാലസുഖമാ' എന്ന കൃതി ത്യാഗരാജൻ കൊടുത്തയച്ചു. 'ധനംസമ്പാദിച്ച് സുഖമനുഭവിക്കുന്നതോ, രാമനാമം ജപിച്ച് സുഖമനുഭവിക്കുന്നതോ യഥാർത്ഥസുഖം; അഹംഭാവികളായ നരന്മാരെ സ്തുതിക്കുന്നതാണോ യഥാർത്ഥ സുഖം, രാമന്റെ തൃപ്പാദങ്ങളെ സ്തുതിക്കുന്നതാണോ യഥാർത്ഥ സുഖം' എന്നെല്ലാം ആശയം ഉൾക്കൊള്ളുന്നതും ചമത്കാരസമ്പൂർണവുമായ പ്രസ്തുത കൃതി കണ്ടപ്പോൾ ഏകോജിയുടെ അവസ്ഥ എന്തായിരുന്നിരിക്കാമെന്ന് ചിന്തനീയമാണ്

ഈ സമയമായപ്പോഴേക്കും ത്യാഗരാജന്റെ കീർത്തി ഇതരസംസ്ഥാനങ്ങളിലേക്കും വ്യാപിക്കാൻ തുടങ്ങി. തൽഫലമായി അവിടെനിന്നും സംഗീതവിദ്വാന്മാരും കലാകുതുകികളും അദ്ദേഹത്തെ സന്ദർശിക്കുകയും നിസർഗസുന്ദരമായ ത്യാഗരാജസംഗീതം കേട്ട് ആനന്ദചിത്തരാകുകയും, അഭിനന്ദനങ്ങളാൽ വീർപ്പുമുട്ടിക്കുകയും പതിവായിരുന്നു. കേരളത്തിൽനിന്നും പല വിദ്വാന്മാരും ത്യാഗരാജനെ സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ഷട്കാലഗോവിന്ദമാരാർ, പരമേശ്വര ഭാഗവതർ, മാളിയക്കൽ കൃഷ്ണ മാരാർ തുടങ്ങിയവർ അവരിൽ ചിലരാണ്. ഗോവിന്ദമാരാരും ത്യാഗരാജനും തമ്മിലുണ്ടായ കൂടിക്കാഴ്ച പ്രസിദ്ധമാണെന്നു മാത്രമല്ല, ആ സന്ദർശനത്തിന്റെ നിത്യസ്മാരകമായി ത്യാഗരാജ വിരചിതമായ 'എന്തൊരു മഹാനുഭാവുലു' എന്ന പഞ്ചരത്ന കൃതി സംഗീതലോകത്തെ ഇന്നും

പുളകോജ്ജ്വല മാക്കികൊണ്ടിരിക്കയാണല്ലോ!.

ത്യാഗരാജൻ രാജാക്കന്മാരുടെയും മറ്റും ക്ഷണം സ്വീകരിച്ചിരുന്നെങ്കിൽ തങ്ങൾക്കും സുഖമായി ജീവിക്കാമായിരുന്നു എന്നു കരുതിയ അസൂയാലുവും ധനകാംഷിയുമായിരുന്ന ജ്യേഷ്ഠൻ ജൽപേശന് തന്റെ ആഗ്രഹങ്ങൾ നിറവേറ്റാൻ സാധിക്കാതെ വന്നപ്പോൾ അദ്ദേഹത്തോട് കടുത്ത വിദ്വേഷം തോന്നുക മാത്രമല്ലാ പലവിധത്തിൽ ഉപദ്രവിക്കാനും തുടങ്ങി. ത്യാഗരാജൻ നിത്യപൂജ ചെയ്തിരുന്ന ശ്രീരാമവിഗ്രഹം ജൽപേശൻ കാവേരിയിലേക്കെറിഞ്ഞു കളഞ്ഞു. തന്റെ എല്ലാമായ രാമവിഗ്രഹം നഷ്ടപ്പെട്ടു എന്നറിഞ്ഞപ്പോൾ അത് തിരഞ്ഞുകൊണ്ട് ത്യാഗരാജൻ നിത്യവും കാവേരിയുടെ തീരത്ത് അലയുമായിരുന്നു. വർഷമൊന്നു കഴിഞ്ഞിട്ടും വിഗ്രഹം കിട്ടാതായപ്പോൾ, ഇനിയും തന്റെ ശ്രീരാമനെ കിട്ടിയിട്ടല്ലാതെ ജലപാനംപോലും ചെയ്യില്ലെന്ന് ദൃഢ നിശ്ചയം ചെയ്തു.ഇഷ്ട ദേവതാനുഗ്രഹത്താൽ അന്നുരാത്രി വിഗ്രഹം കിടക്കുന്ന സ്ഥലം സ്വപ്നത്തിലൂടെ ത്യാഗരാജന് കാണാറായി. സ്വപ്നത്തിൽക്കണ്ട സ്ഥലത്തുനിന്ന് വിഗ്രഹം കിട്ടിയപ്പോൾ അദ്ദേഹത്തിന് പൂർവാധികം സന്തോഷവും വിശ്വാസവും ഹൃദയത്തിൽ നുരഞ്ഞു പൊങ്ങി. ഈ സംഭവത്തെ സാധൂകരിക്കാൻ ത്യാഗരാജന്റെ കരുണരസം നിറഞ്ഞ ചില ഗാനങ്ങൾ (നേബെന്ദുവെദഗുദരാ; ഏപാപമു ജേസിതരാ) ഉദാഹരിക്കപ്പെട്ടിട്ടുണ്ട്.

സംഗീതശാസ്ത്രഗ്രന്ഥങ്ങൾ പലതും ത്യാഗരാജൻ പഠിച്ച് ഉൽപത്തിവരുത്തിയിരുന്നെങ്കിലും "സ്വരാർണവം", "സംഗ്രഹചൂഢാമണി" തുടങ്ങിയ കൃതികളാണ് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് മകുടോ,ലങ്കാരമായി വർത്തിച്ചിരുന്നതെന്ന് കരുതപ്പെടുന്നു. സംഗീത രഹസ്യങ്ങളുടെ ഉള്ളറ കണ്ടറിയാൻ ആഗ്രഹിച്ചിരുന്ന ത്യാഗരാജൻ സംഗീത മുനിയായ നാരദനെ ഉപാസിച്ചുകൊണ്ടിരുന്നു. ഒരുദിവസം കാലത്ത് അദ്ദേഹത്തെ കാണുന്നതിനായി ഒരു സന്യാസി ത്യാഗരാജന്റെ വസതിയിൽ വന്നു. ആചാരോപചാരങ്ങൾക്കുശേഷം കയ്യിലുണ്ടായിരുന്ന പൊതി ത്യാഗരാജനെ ഏൽപിച്ചിട്ട് അദ്ദേഹം കാവേരിയിൽ കുളിക്കാനായി പോയി. ഉച്ച ഊണിന് സമയമായിട്ടും സന്യാസി കുളികഴിഞ്ഞ് വന്നില്ല. അദ്ദേഹം വരാതെ ആഹാരം കഴിക്കുന്നത് ഉചിതമല്ലല്ലോ എന്ന് കരുതി നിരാഹാരിയായി ത്യാഗരാജൻ കാത്തിരുന്നു. അങ്ങിനെ കാത്തിരുന്ന് രാത്രിയായപ്പോൾ ക്ഷീണംകൊണ്ട് ത്യാഗരാജൻ ഉറങ്ങിപ്പോയി. ഉറക്കത്തിൽ സന്യാസി പ്രത്യക്ഷപ്പെട്ട്, ഞാൻ തന്നെയാണ് അങ്ങുപാസിക്കുന്ന നാരദമുനിയെന്നും; അവിടെ ഞാനുപേക്ഷിച്ച ഭാണ്ഡത്തിൽ "സ്വരാർണവം" എന്ന ഗ്രന്ഥമുണ്ടെന്നും; അതു പഠിച്ചാൽ സംഗീതരഹസ്യങ്ങളേക്കുറിച്ചുള്ള അങ്ങയുടെ

സംശയമെല്ലാം നീങ്ങുമെന്നും അരുളിചെയ്ത് മറഞ്ഞു. ഉറക്കമുണർന്ന് സന്യാസി പറഞ്ഞ മാതിരി ഭാണ്ഡമഴിച്ചുനോക്കിയപ്പോൾ പ്രസ്തുത ഗ്രന്ഥം കിട്ടി. അതിന്റെ സന്തോഷാധിക്ക്യത്താൽ മതിമറന്ന് നാരദമുനിയെ സ്തുതിച്ചുകൊണ്ട് "ശ്രീനാരദ.....(കാനഡ); നാരദഗുരുസ്വാമി...(ദർബാർ); വരനാരദ....(വിജയശ്രീ) തുടങ്ങിയ കൃതികൾ രചിച്ചു. സ്വരാർണവം പഠിച്ചതോടെ സംഗീതശാസ്ത്രസംബന്ധമായി ത്യാഗരാജനുണ്ടായിരുന്ന സന്ദേഹങ്ങളെല്ലം മാറിക്കിട്ടി.

കർണാടക സംഗീതത്തിന്റെ ഇന്നത്തെ പ്രശസ്തി; നിലനിൽപ് എന്നിവക്ക് തികച്ചും കാരണഭൂതരായ സംഗീതത്രമൂർത്തികളിൽ വച്ച് ത്യാഗരാജൻ തന്നെയാണ് സർവോപരി ആരാധ്യനായിട്ടുള്ളത്. സംഗീതപരമായ ഗുണോൽകർഷം നോക്കുകയാണെങ്കിൽ ത്യാഗരാജകൃതികളിൽ ദീക്ഷിതരുടേയും ശ്യാമശാസ്ത്രികളുടേയും മാത്രമല്ല അവരുടെ സമകാലിനരുടെയും അവർക്കുശേഷമുള്ള വാഗ്ഗേയകാരുടേയും കൃതികളിൽ നിന്ന് വത്യസ്ഥമായി വല്ലതും കാണാൻ കഴിയുമോ എന്ന് സംശയമാണ്. ത്യാഗരാജ കൃതികളും മറ്റുള്ളവയും തമ്മിലുള്ള അന്തരം ദൃശ്യമാകുന്നതും അവയിലല്ല. പാടിയകൃതികളുടെ എണ്ണം, രാഗങ്ങൾ കൊണ്ട് കൈകാര്യം ചെയ്തതിലുള്ള വൈവിധ്യത, ആശയ പുഷ്കലത, ഭക്തിഭാവം എന്നിവയാണ് ഈ കൃതികളെ മറ്റുള്ളവയിൽ നിന്ന് വേർതിരിക്കുന്നത്. ത്യാഗരാജകൃതികളുടെ സംഖ്യ സൂഷ്മമായി അറിയാൻ നിവൃത്തിയില്ലെങ്കിലും, രണ്ടായിരത്തിലേറെയുണ്ടെന്ന് കണക്കാക്കാം. ഇപ്പോൾ പ്രചരത്തിലിരിക്കുന്നത് അതിന്റെ നാലിലൊന്നു മാത്രമെയുള്ളു. സംഗീതലോകത്ത് ചിലനൂതന പ്രസ്ഥാനങ്ങൾ ത്യാഗരാജൻ ആവിഷ്കരിച്ചിണ്ട്. സംഗതിയെന്ന ഗാനാലങ്കാരം അദ്യമായി പ്രയോഗത്തിൽ വരുത്തിയത് അദ്ദേഹമാണ്. വെങ്കിടമഖിയുടെ മേളജന്യരാഗപദ്ധതിയനുസരിച്ച് അന്നുവരെ പ്രചാരത്തിലില്ലാതിരുന്ന പലരാഗങ്ങളും പുനരുദ്ധാരണം ചെയ്ത് സംഗീതലോകത്തിന് തന്റെ കവനങ്ങളിലൂടെ ശാശ്വതപ്രതിഷ്ഠ നേടികൊടുത്തിട്ടുണ്ട്. അങ്ങിനെ സമുദ്ധരിച്ച രാഗങ്ങളിൽ ഖരഹരപ്രിയ, ചാരുകേശി, കോകിലപ്രിയ, ചക്രവാകം, തുടങ്ങിയവ പ്രചാരം നേടി. ഖരഹരപ്രിയയിൽ അദ്ദേഹം ആറിലേറെ ഗാനങ്ങൾ രചിച്ചിട്ടുള്ളതിൽ "പക്കാലനിലബഡി, രാമ നീ സമാന, കോടിസേവിമ്പരാര" എന്നിവ വളരെ പ്രസിദ്ധമാണ്. ഒരേരാഗത്തിൽ പലകൃതികൾ രചിക്കുമ്പോൾ ഒരോന്നിലും വത്യസ്ഥമായരാഗങ്ങഭാവം ഉൾക്കൊള്ളിക്കാൻ ത്യഗരാജനുള്ള സാമർത്ഥ്യം നിസ്സീമമാണ്. തോടിയുടേയും ദേവഗാന്ധാരിയുടേയും വിഭിന്നങ്ങളായ രാഗസഞ്ചാരങ്ങളും ഭാവങ്ങളും ആ രാഗങ്ങളിലുള്ള അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിഭലിച്ചു കാണാം. മുപ്പതിൽപരം ഗാനങ്ങൾ 'തോടി'യിൽ ത്യാഗരാജന്റേതായി

നമുക്ക ലഭിച്ചിട്ടുണ്ട്. ഇരുപതിലേറെ രാഗങ്ങൾ അദ്ദേഹം സ്വന്തമായി ആവിഷ്കരിച്ചിട്ടുണ്ട്. ബിന്ദുമാലിനി, ജയന്തശ്രീ, കോകിലധ്വനി, ആഭേരി, പ്രവാളജ്യോതി, നളിനകാന്തി എന്നിവ അവക്കുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. തന്നെയല്ല, ചിലരാഗങ്ങൾക്ക് ത്യാഗരാജകൃതികൾ മാത്രമെ ലക്ഷ്യങ്ങളായിട്ടുള്ളുവെന്നതും എടുത്തു പറയേണ്ടതായുണ്ട്.

ത്യാഗരാജകൃതികളിലെ ഭാഷ ലളിതമാണെന്നുള്ളത് പ്രസ്താവയോഗ്യമാണ്. തെലുങ്കും സംസ്കൃതവും കൂടിയ ഒരു മിശ്രിത ഭാഷയാണദ്ദേഹത്തിന്റേത്. ഭക്തിയില്ലാത്ത സംഗീതം നിർജ്ജീവമാണെന്നും, സംഗീത തത്വങ്ങൾ യഥാർത്ഥ മായറിയുന്നവർ സുഖപ്രാപ്തിയിലെത്തുമെന്നും, അവകൊണ്ടുള്ള ഭഗവത്ഭക്തിയാണ് എളുപ്പമായ മോക്ഷമാർഗ്ഗമെന്നും, യോഗീവര്യന്മർക്കു മാത്രം സാധിക്കുന്ന കേവലനാദബ്രഹ്മോപാസന മോക്ഷമാർഗ്ഗത്തിലേക്കുള്ള ചവിട്ടുപടിയാണെന്നും ത്യാഗരാജൻ അസംഖ്യം കൃതികളിൽക്കൂടി യുക്തിയുക്തം സ്ഥാപിച്ചിട്ടുണ്ട്. ശങ്കരാഭരണത്തിൽ 'സ്വര രാഗസുധാരസ', ധന്യാസിയിൽ 'സംഗീതജ്ഞാനമു ഭക്തിവിനാ' തുടങ്ങിയവ ഉദാഹരണം.

ത്യാഗരാജശിഷ്യഗണങ്ങളുടെ സംഖ്യ ഖണ്ഡിതമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിലും, ആയിരത്തിലേറെവരുമെന്ന് കണക്കാക്കാം. അവരിൽ അർപ്പണബോധമുള്ള ശിഷ്യസമൂഹം ത്യാഗരാജ കൃതികൾക്ക് പ്രചാരം വരുത്തുവാൻ മുഖ്യ പങ്കുവഹിച്ചു. വീണകുപ്പയ്യർ, മാനമ്പുചാവടി വെങ്കിടസുബ്ബയ്യർ, വാലാജാപ്പേട്ടാ വെങ്കിടരമണ ഭാഗവതർ, മകൻ കൃഷ്ണ ഭാഗവതർ, ഉമയാൽപുരം കൃഷ്ണ ഭാഗവതർ, തഞ്ചാവൂർ രാമറാവു തുടങ്ങിയവർ അദ്ദേഹത്തിന്റെ കൂടെ സഹജീവിതം നയിച്ച ശിഷ്യന്മാരാണ്. ഗായകൻ എന്ന നിലയിലും, ഗാനരചയിതാവെന്ന നിലയിലും എറ്റവും സമുന്നതനായ ത്യാഗരാജ ശിഷ്യൻ വീണകുപ്പയ്യയായിരുന്നു, ത്യാഗരാജ കൃതികൾ പകർത്തിവച്ച് സംഗീതലോകത്തിന് സംഭാവന ചെയ്തശിഷ്യരിൽ മുഖ്യൻ വലാജാപ്പേട്ട വെങ്കിടരമണ ഭാഗവതരാണ്. അദ്ദേഹവും മകനായകൃഷ്ണ ഭാഗവതരും രചിച്ചഗുരുചരിതം പിൽക്കാല ഗവേഷകർക്ക് താങ്ങും തണലുമായി.

വാർദ്ധക്യത്തിന്റെ പ്രാരംഭത്തിൽ ത്യാഗരാജൻ തീർത്ഥാടനത്തിന് പുറപ്പെട്ടു. കാഞ്ചിയിലുണ്ടായിരുന്ന ഉപനിഷദ്ബ്രഹ്മയോഗിയേയും, തിരുപ്പതി മുതലായ പുണ്യക്ഷേത്രങ്ങളും ലക്ഷ്യമാക്കിയായിരുന്നു യാത്രയെങ്കിലും, മറ്റുപല മാന്യവ്യക്തികളുടെ ആതിഥ്യവും കൂട്ടത്തിൽ അദ്ദേഹം സ്വീകരിച്ചു. തിരുവൊട്ടിയൂർ,

കോവൂർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ച് അവിടത്തെ ദേവന്മാരെ സ്തുതിച്ച് അഞ്ച്കൃതികൾ വീതം രചിച്ചു. അവകൾ തിരുവൊട്ടിയൂർ പഞ്ചരത്നം, കോവൂർ പഞ്ചരത്നം എന്നീനാമങ്ങളാൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഘനരാഗ പഞ്ചരത്നത്തിന് പുറമേയാണിവ. ഈ യാത്രാവേളയിൽ പല അത്ഭുതകർമ്മങ്ങളും അദ്ദേഹം ചെയ്തതായി ഐതീഹ്യം ഘോഷിക്കുന്നു. അവയെല്ലാം വിശദമായി വിവരിക്കുവാൻ തുടങ്ങിയാൽ സ്ഥലപരിധി നമ്മെ വിലക്കുമെന്നതുകൊണ്ട് ഒന്നുരണ്ടുസംഭവങ്ങളിലൂടെ ഒരു ദിങ്മാത്രദർശനം നടത്തണമെന്നു മാത്രമെ ഉദ്ദേശിക്കുന്നുള്ളു.

ഭക്തനും ദാനശീലനുമായിരുന്ന കോവൂർ സുന്ദരമുതലിയാരുടെ ആതിഥ്യം സ്വീകരിച്ച് അദ്ദേഹത്തിന്റെ മുമ്പിൽ ത്യാഗരാജൻ പാടി. മടക്കയാത്രയിൽ മുതലിയാർ ആയിരം പൊൻനാണയം കിഴിയാക്കി ത്യാഗരാജന് സമ്മാനിച്ചു. സ്വാമികൾ അത് നിരസിച്ചെങ്കിലും മുതലിയാർ നാണയക്കിഴി അദ്ദേഹമറിയാതെ പല്ലക്കുമെത്തക്കടിയിൽ തിരുകിവച്ചു. കൂടെയുള്ളവരോട് വിവരവും പറഞ്ഞു. തിരുപ്പതിയിലേക്കുള്ള യാത്രാമദ്ധ്യേ ഒരു കാട്ടിൽവച്ച് കള്ളന്മാർ അവരെ ആക്രമിച്ചു. തന്റെ കയ്യിൽ പണമൊന്നുമില്ലെന്ന സത്യാവസ്ഥ ആക്രമികളോട് പറഞ്ഞ് അവരെ പിന്തിരിപ്പിക്കാൻ സ്വാമികൾ ശ്രമിച്ചപ്പോൾ മാത്രമാണ് മറ്റുള്ളവർ പണക്കിഴിയുടെ കര്യം സ്വാമികളോട് പറഞ്ഞത്. പണം രാമനവമി ഉത്സവത്തിലേക്കായി മുതലിയാർ തന്നതാണെന്നുമറിഞ്ഞപ്പോൾ 'രാമന്റെ മുതൽ രാമൻതന്നെ രക്ഷിച്ചുകൊള്ളും' എന്നു പറഞ്ഞ് ധ്യാനത്തിൽ മുഴുകി. പൊടുന്നനെ തങ്ങളെ ലക്ഷ്യം വച്ച് ശരവർഷം നടത്തുന്നതായും അവയെല്ലാം ദേഹംതുളക്കുന്നതായും തോന്നുകയാൽ കള്ളന്മാർ പ്രാണരക്ഷാർത്ഥം ഓടിരക്ഷപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ മനസാന്തരം വന്ന കള്ളന്മാർ ത്യാഗരാജന്റെയടുക്കൽ ക്ഷമാപനം ചോദിച്ചുവന്നു. അപ്പോൾ സ്വാമികൾ "കള്ളന്മാരായ നിങ്ങളെ തുരത്തിയത് സാക്ഷാൽ ശ്രീരാമലക്ഷ്മണന്മാരാണെന്നും അവരെ ദർശിക്കാനവസരം ലഭിച്ചതുതന്നെ നിങ്ങളുടെ പൂർവജന്മസുകൃതം കൊണ്ടുമാത്രമാണെന്നും ഇതുപ്പൊലുള്ള ഹീനകൃത്യങ്ങളുപേക്ഷിച്ച് ഭഗവാനിൽ മനസുറപ്പിച്ച് ശിഷ്ട ജീവിതംനയിക്കയാണ് വേണ്ടതെന്നും, അങ്ങിനെയായാൽ അനായാസേന മോക്ഷം ലഭിക്കുമെന്നും" ഉപദേശിച്ചയച്ചു.

തിരുപ്പതിവെങ്കിടേശനെ കണ്ടുവണങ്ങാൻ വെമ്പൽ പൂണ്ടെത്തിയ ത്യാഗരാജന് ഭഗവാനെ മറച്ചിരുന്ന തിരശ്ശീലയാണ് കാണാൻകഴിഞ്ഞത്. ഭഗൽദർശനത്തിനെത്തിയ തനിക്ക് അതിനവസരമുണ്ടാക്കിത്തരണമെന്ന്

ക്ഷേത്രഭാരവാഹികളോട് സ്വാമികൾ കേണപേക്ഷിച്ചെങ്കിലുംഫലമുണ്ടായില്ല. നിരാശാഭരിതനായ അദ്ദേഹം 'തെരതീയഗ രാദാ' എന്ന കീർത്തനം രചിച്ചുപാടി. പാട്ടിന്റെ അവസാനം ബിംബത്തെ മറച്ചിരുന്ന പട്ട് താഴെവീണു. അപ്പോൾ ഭഗവൽദർശനം കിട്ടിയ സന്തോഷത്താൽ വെങ്കിടേശനെ സ്തുതിച്ചുകോണ്ട് 'വെങ്കിടേശ നിന്നു സേവിപ്പ' എന്ന കീർത്തനം പാടി.

രചനാവിഷയത്തിൽ ത്യാഗരാജന് മാർഗദർശിത്വം കിട്ടിയി ട്ടുണ്ടെന്ന് പൂർണമായും വിശ്വസിക്കാവുന്ന ചിലകീർത്തനകർത്താക്കളേ സൂചിപ്പിക്കേണ്ടത് ഈ പ്രകൃതത്തിൽ നല്ലതാണെന്നു തോന്നുന്നു. ഭദ്രാചലരാമദാസ്, ശ്രീരംഗം ശേഷ അയ്യങ്കാർ, പുരന്ദരദാസർ, തീർത്ഥനാരായണൻ മുതലായവരുടെ സ്വാധീനം അദ്ദേഹത്തിന്റെ കൃതികളിൽ സ്പഷ്ടമായിരിക്കുന്നു. ഭദ്രാചലത്തിനെ തന്റെ പലകൃതികളിലും ത്യാഗരാജൻ സ്മരിക്കുന്നുണ്ട്. 'ക്ഷീരസാഗരശയന' എന്ന ദേവഗാന്ധാരകൃതിയിൽ അദ്ദേഹത്തെപ്പറ്റി "ധീരുദൗ രാമദാസുനി ബന്ധമു ദീർച്ചിനദി വിന്നാനുറാ" എന്ന് പറഞ്ഞു കാണുന്നു.

വർഷങ്ങളോളം നീണ്ടുനിന്ന തന്റെ തീർത്ഥയാത്ര അവസാനിക്കുമ്പോൾ വാർദ്ധക്യം ത്യാഗരാജനെ കാർന്നു കഴിഞ്ഞിരുന്നു. തിരുവയ്യറിൽ തിരിച്ചെത്തിയ ശേഷം 'നാദബ്രഹ്മാനന്ദ' എന്ന പേരിൽ ത്യാഗരാജൻ സന്യാസം സ്വീകരിച്ചു. അടുത്ത പുഷ്യബഹുള പഞ്ചമിദിനത്തിൽ ശിഷ്യന്മാരെയെല്ലാം ക്ഷണിച്ചുവരുത്തി അവരോട് കീർത്തനങ്ങൾ തുടരെ ആല്ലപിക്കാനാവശ്യപ്പെട്ടു. കീർത്തനാലാപനം കേട്ട്കോണ്ടിരുന്ന സ്വാമിയുടെ ശിരസിൽനിന്ന് രാത്രി പതിനൊന്നുമണിയോടുകൂടി അഭൗമമായൊരു ദിവ്യതേജസ് ഉയർന്നു പോകുന്നത് കണ്ടുനിൽക്കാൻ സൗഭാഗ്യം ശിഷ്യർക്കുമുണ്ടായി. 1847 ജനുവരി 6-)0 തിയ്യതിയാണ് ത്യഗരാജസമാധി.

വർഷം തോറും പുഷ്യബഹുള പഞ്ചമി നാളിൽ ത്യാഗരാജ സമാധിമണ്ഡപത്തിന് മുൻപിൽ അദ്ദേഹത്തിന്റെ ആരാധകർ പഞ്ചരത്ന കീർത്തനാലാപത്തിലൂടെ ആ ഗാനഗന്ധർവ്വന് ആദരാജ്ഞലികളർപ്പിച്ചുവരുന്നു. ത്യാഗരാജോത്സവം ഇന്ന് ലോകപ്രസിദ്ധ മായിക്കഴിഞ്ഞിട്ടുണ്ട്.

ooooooooo00000000oooooooooo.

# Tirupati Photos








**Please email your name and a brief introduction to have your personal introduction published in next Navaneetham. Please email your comments, suggestions & articles for next Navaneetham to editor@guruvayoor.com**

***Sources, credits and copyright acknoledgements***

Kashmiri Krishna

Lord Ayyappan; the dharma shasta." Book, 2d ed. Bombay, Bharatiya Vidya Bhavan, 1966.

Krishna pictures/Artwork courtesy of **The Bhaktivedanta Book Trust International, Inc.** **www.krishna.com.**

**Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.**



**Submitted at the lotus feet of Sri Guruvayoorappan by devotees.**

**Loka Samastha Sukhino Bhavanthu - May God bless everyone.**

**Om Namo Narayanaya:**